
# കല്ലിശ്ശേരി പള്ളിയുടെ
## ചരിത്രസംക്ഷേപം


പഴയ കല്ലിശ്ശേരി പള്ളി


പുതുക്കി പണിക്കഴിച്ച കല്ലിശ്ശേരി പള്ളി

**കല്ലിശ്ശേരി സെന്റ് മേരീസ്
ക്നാനായ സുറിയാനി
പള്ളി വകയായി
പ്രസിദ്ധപ്പെടുത്തുന്നത്**

**1958**




ക്നായി തോമ്മാ

## പരിശുദ്ധ അന്ത്യോഖ്യൻ പാത്രക്കീസ്മ്മാർ



കൊച്ചി കടലിൽ കെട്ടിതാഴ്ത്തപ്പെട്ട അന്ത്യോഖ്യാ പാത്രിയർക്കീസ് പരിശുദ്ധ അഹത്തള്ള ബാവാ
AD 1653



ഇഗ്നാത്തിയോസ് അബ്ദേദ് ആലോഹോ



ഇഗ്നാത്തിയോസ് ഏലിയാസ് തൃതീയൻ



ഇഗ്നാത്തിയോസ് യാക്കോബ് തൃതീയൻ

# പ്രസ്താവന

കല്ലിശ്ശേരി സെന്റ് മേരീസ് ക്നാനായ സുറിയാനിപ്പള്ളിയുടെ ഇതഃപര്യന്തമുള്ള ഒരു സംക്ഷിപ്തചരിത്രം പ്രസിദ്ധീകൃതമാക്കുവാൻ സംഗതിയാക്കിയ കരുണാനിധിയായ ദൈവത്തെ ആദ്യമായി മഹത്വപ്പെടുത്തിക്കൊള്ളുന്നു.

മലങ്കര സുറിയാനി ക്നാനായക്കാരുടെ ഏററവും പുരാതനപള്ളികളിൽ ഒന്നായ കല്ലിശ്ശേരി പള്ളിയുടെ ഒരു ചരിത്രം ഉണ്ടാക്കണമെന്നുള്ള ഇടവകയുടെ പൊതുതാല്പര്യമനുസരിച്ച്, ഇടവക പൊതുയോഗം ഞങ്ങളെ ഒരു കമ്മററിയായി തെരഞ്ഞെടുത്ത് ചുമതലപ്പെടുത്തി.

ഞങ്ങളുടെ പരിമിതമായ കഴിവനുസരിച്ച് ഉടലെടുത്തതാണ് ഈ ചരിത്രസംക്ഷേപം. ഈ പള്ളിയുടെ പൂർവ്വകാലചരിത്രം പലർക്കും അജ്ഞേയമാകയാൽ ഇടവകയുടെ ചിരകാലാഭിലാഷം രൂപംപ്രാപിച്ച ഈ ചെറുഗ്രന്ഥം 1958 ഡിസംബർ 7 ന് സമ്മേളിച്ച ഇടവകപൊതുയോഗം അംഗീകരിച്ചിട്ടുള്ളതാണ്. മാർ തോമ്മാശ്ലീഹായുടെ വരവ്, ക്നായിത്തോമ്മായുടെ നേതൃത്വത്തിലുള്ള സിറിയൻ കുടിയേററം, സ്ഥലത്തെ ക്നാനായ സുറിയാനിക്കാരുടെ ആഗമനം, എന്നിവതുടങ്ങി ഇടവകയുടെ ഏതൽക്കാലപര്യന്തമുള്ള ചരിത്രം സംക്ഷിപ്തമായും, എന്നാൽ സമഗ്രമായും ഇതിൽ പ്രതിപാദിച്ചിട്ടുണ്ട്. പരമ്പരാഗതങ്ങളായ പല ഐതിഹ്യങ്ങളെ അടിസ്ഥാനമാക്കിയും അനേകം ചരിത്രഗ്രന്ഥങ്ങൾ പരിശോധിച്ചും രചിച്ചിട്ടുള്ള ഈ ചെറുചരിത്രപുസ്തകം ഇദാനീന്തനന്മാർക്കും, ഭാവി തലമുറയ്ക്കും ഈ പള്ളിയെ സംബന്ധിച്ച് ഒരു സാമാന്യജ്ഞാനം പ്രദാനംചെയ്യുമെന്ന് ഞങ്ങൾ പ്രത്യാശിക്കുന്നു. ഇത് പരിപൂർണ്ണമാണന്നോ, പോരായ്മകൾ ഇല്ലാത്തതാണന്നോ ഞങ്ങൾ അഭിമാനിക്കുന്നില്ല.

ഈ ഗ്രന്ഥരചനയിൽ ആത്മാർത്ഥമായി ഞങ്ങളെ സഹായിച്ചിട്ടുള്ള പുരയ്ക്കൽ വന്ദ്യ ശ്രീ. പി. ജെ. തോമസ് കശ്ശീശ എം. എ. എൽ. ററി., ശ്രീ. ഈ. പി. മാതൂ ബി. എ. ബി. എൽ., മേലേത്ത് ശ്രീ. എം. ഐ. ഏബ്രഹം, എന്നിവരോട് ഞങ്ങൾക്കുള്ള അപാരമായ കൃതജ്ഞത രേഖപ്പെടുത്തിക്കൊള്ളുന്നു. ഏററവും ചുരുങ്ങിയ സമയംകൊണ്ട് ഈ പുസ്തകം ഭംഗിയായി മുദ്രണംചെയ്തുതന്ന എഡേസ്സാ പ്രസ്സ് പ്രവർത്തകരോടും ഞങ്ങൾ അതീവ കൃതജ്ഞതരാണ്.

## കമ്മററി അംഗങ്ങൾ

1, വികാരി മടുക്കുവേലിൽ എൻ. കെ. ഏബ്രഹാം കശ്ശീശ
2, മേലേത്ത് എം. ഐ. സാമുവേൽ ബി. എ.
3, തുണ്ടിയിൽ ററി. ഐ. തോമസ്

കല്ലിശ്ശേരി
11/12/1958

# അറിയിപ്പ്

വളരെയധികം സന്തോഷത്തോടുകൂടിയാണ് ഞാൻ ഇതെഴുതുന്നത് കല്ലിശ്ശേരി ക്നാനായ പള്ളിയിൽ 1958 ഡിസംബർ 7 ന് സമ്മേളിച്ച ഇടവകപൊതുയോഗം അംഗീകരിച്ചിട്ടുള്ളതും, ഇടവക്കാരിൽ ഇന്ന് ജീവിച്ചിരിയ്ക്കുന്നവരിൽ വളരെക്കുറച്ചുപേർ വായിച്ചിട്ടുള്ളതും, ലഭ്യത തീരെയില്ലാത്തതുമായ ഈ അമൂല്യഗ്രന്ഥം കാണുവാനും, വായിക്കുവാനും ഇടയാക്കിയ ദൈവത്തെ സ്തുതിക്കുന്നു.

പിതാക്കൻമ്മാർ പള്ളി ഉണ്ടാകുന്നതിനു മുൻമ്പുള്ള ചരിത്രവും, പള്ളി ഉണ്ടായ ചരിത്രവും തുടർന്ന് 1958 ൽ ഈ ഗ്രന്ഥം എഴുതുന്നതുവരെയുള്ള ചരിത്രങ്ങളും ഈ പുസ്തകത്തിൽ വിശദമായി വിവരിയ്ക്കുന്നു. നശിച്ചുപോകാവുന്ന ഈ അമൂല്യഗ്രന്ഥം നശിച്ചുപോകാതെ നിലനില്ക്കാനും, ഇപ്പോഴുള്ള തലമുറയ്ക്കും, വരുംതലമുറയ്ക്കും വായിച്ചു ചരിത്രങ്ങൾ മനഃസ്സിലാക്കുവാനും ഇടയാകട്ടെ എന്നുകരുതി നിങ്ങളുടെയെല്ലാം അനുവാദത്തോടുകൂടി ഞാൻ ഈ പുസ്തകം അതേപടി കമ്പ്യൂട്ടറിലേക്ക് പകർത്തിയെഴുതുന്നു.

എന്റെ 29 വർഷത്തെ പ്രവാസ ജീവതത്തിൽ ക്നാനായ സമുദായത്തിനു വേണ്ടി ബഹ്റിനിൽ ഒരു ദേവാലയം സ്ഥപിച്ചവരിൽ ഒരാളാകാൻ എനിക്ക് ഭാഗ്യം ലഭിച്ചിട്ടുണ്ടെങ്കിലും, അതിലുപരി എന്നെ സന്തോഷിപ്പിക്കുന്നത് എന്റെ മാതൃദേവാലമായ കല്ലിശ്ശേരി പള്ളിയുടെ കാലഹരണപ്പെട്ടുപോയ പൂർവ്വചരിത്രപുസ്തകം എന്നിലൂടെ പുനർജ്ജനിക്കുവാനും, ഒരിക്കലും നശിച്ചുപോകാത്തവിധം നിർമ്മിച്ചെടുക്കുവാനും ദൈവാനുഗ്രഹമുണ്ടായി എന്നതാണ്. ഒരിക്കൽകൂടി വിശുദ്ധ. ദൈവമാതാവിന്റെ മദ്ധ്യസ്ഥതയിൽ അഭയംപ്രാപിച്ചുകൊണ്ട്.

ഞാൻ ചോദിച്ചപ്പോൾ ഒരു മടിയുംകൂടാത് കൈവശമുണ്ടായിരുന്ന വളരെ പഴക്കമുള്ള ചരിത്ര പുസ്തകം സന്തോഷത്തോടുകൂടി എനിക്ക് തന്ന സഹായിച്ച 'തുണ്ടിയിൽ' ശ്രീ. ററി. എം. തോമസിനോുള്ള നന്ദി രേഖപ്പെടുത്തികൊണ്ട്.

( ഈ പുസ്തകത്തിൽ പ്രതിപാദിച്ചിട്ടുള്ളതും, എന്നാൽ മുൻപ് ചേർത്തിട്ടില്ലാത്തതുമായ കുറെ ചിത്രങ്ങൾ ഇതിൽ കൂടുതലായി ചേർത്തിട്ടുണ്ട് )

സ്നേഹത്തോട്,

ബഹ്റിൻ
07/02/2021



ജോയി ജേക്കബ്
തേവരുഴത്തിൽ

## കല്ലിശ്ശേരി യാക്കോബായ സുറിയാനി ക്നാനായ പള്ളിയുടെ ചരിത്രസംക്ഷേപം

പരമകാരണീകനും ലോകരക്ഷിതാവുമായ ശ്രീ യേശുക്രിസ്തുവിന്റെ ശിഷ്യന്മാരായ വി. ശ്ലീഹന്മാർ സുവിശേഷ പ്രചരാണാർത്ഥം ലോകത്തിന്റെ നാനാഭാഗങ്ങളിലേക്കും അയയ്ക്കപ്പെട്ട കൂട്ടത്തിൽ ഇൻഡ്യ, ചൈന മുതലായ പൗരസ്ത്യ രാജ്യങ്ങളിലേക്ക് നിയുക്തനായ വി. തോമാശ്ലീഹാ എ. ഡി. 52 ൽ കേരളത്തിൽ വന്നുചേർന്ന എന്നുള്ളത് നിരാക്ഷേപമായ ഒരു ചരിത്ര വസ്തുതയാണ്. അദ്ദേഹം അക്കാലത്തെ പ്രധാന വാണിജ്യകേന്ദ്രവും തുറമുഖവുമായിരുന്ന കൊടുങ്ങല്ലൂരിൽ കപ്പൽമാർഗ്ഗം എത്തി.ു തന്റെ ആഗമനത്തിനു മുമ്പു തന്നെ അവിടെ കുടിയേറിപാർത്തിരുന്ന യഹൂദൻന്മാരോടും, സമീപപ്രദേശങ്ങളിലുള്ള ജാതികളോടും സുവിശേഷം അറിയിച്ചതിന്റെ ഫലമായി ഉൽകൃഷ്ടവംശജരായ ബ്രാഹ്മണരുൾപ്പെടെ പലരും ക്രിസ്തുമാഗ്ഗം സ്ഥീകരിച്ചു. അവർക്ക് മാലിയാങ്കര, പാലൂർ, പറവൂർ, ഗോക്കമംഗലം, നിരണം, ചായൽ, കൊല്ലം എന്നീ ഏഴു സ്ഥലങ്ങളിൽ പള്ളിയോ അഥവാ കുരിശോ സ്ഥാപിച്ചുകെടുക്കുകയും അവരുടെ ഭരണത്തിനായി പകലോമറ്റം, ശങ്കരപുരി, കള്ളി, കാളിയാങ്കൽ എന്ന നാലു ബ്രാഹ്മണകുടുംബങ്ങളിൽ നിന്നും ക്രിസ്തുമതം സ്ഥീകരിച്ച ഏതാനംപേരെ പട്ടക്കാരായി നിയമിക്കുകയു ചെയ്തു. വി. ശ്ലീഹാ ഇൻഡ്യയുടെ കിഴക്കേതീരത്തും ചൈന, മലാക്ക മുതലായ വിദൂര പൂർവ്വ ദേശങ്ങളിലും സുവിശേഷം പ്രചരിപ്പിച്ച് തിരിച്ചുവരുംവഴി മൈലാപ്പൂരിനടുത്തുള്ള 'ചിന്നമല' എന്ന സ്ഥലത്തുവെച്ച് രക്തസാക്ഷിത്യംവരിച്ചു. മേൽപ്രകാരം വി. തോമ്മാശ്ലീഹായാൽ ക്രിസ്തുമതവിശ്വാസികളായിത്തീർന്ന കേരള ുക്രൈസ്തവരെ പിൽക്കാലത്ത് നസ്രാണികൾ എന്ന് വിളിച്ചുവന്നു.

വി. ശ്ലീഹന്മാരാൽ പട്ടം കൊടുക്കപ്പെട്ടവരുടെ കാലംവരെ ഈ പുതിയ കൂട്ടത്തെ മററു ജാതിക്കാർ വളരെ ആദരിക്കുകയും, ബഹുമാനിക്കുകയും ചെയ്തിരുന്നു. അവരുടെ കാലശേഷം ഇവരെ നയിക്കുന്നതിന് പട്ടക്കാരില്ലാതെ നാഥനില്ലാത്ത അവസ്ഥയിൽ ആയപ്പോൾ മുതൽ മററുള്ളവർ ഇവരെ അനാദരിക്കുകയും ക്രമേണ പലതരത്തിൽ ഉപദ്രവിക്കാനും തുടങ്ങി. ഈവക പീഡനങ്ങൾക്കു പുറമെ മാണിക്യവാചകർ മുതലായ ഹിന്ദുമതഭ്രാന്തരും, മാന്ത്രികരുമായവർമൂലം അവർണീയമായ ക്ലേശങ്ങളും, യാതനകളും അനുഭവിക്കേണ്ടിവന്നക്കൂടി. ഇവരെ ശരിയായ രീതിയിൽ നയിക്കേണ്ടതിന് ഒരു മേൽപ്പട്ടക്കാരനെ അയച്ചുകൊടുക്കണമെന്ന് അവർ മുട്ടിപ്പായി അപേക്ഷിച്ചതിന്റെ ഫലമായി അലക്സാഡ്രിയയിലെ ഡമയട്രീസ് പാത്രിയർക്കീസ് പാൻടനീസ് (പന്തേന്നൂസ്) എന്ന ഒരു വേദശാസ്ത്രഃപണ്ഡിതനെ തന്നെ രണ്ടാം ശതകാവസാനത്തിൽ എ. ഡി. 191 ൽ മലങ്കരയിലേക്കയച്ചു. അദ്ദേഹം ഇവിടെ എത്തിയത് ഇവക്ക് വളരെ ആശ്വാസമായി എന്ന് മാത്രമല്ല മൈലാപ്പൂരും മററും വി. ശ്ലീഹ സ്ഥപിച്ച സഭ നാമാവശേഷമായതുപോലെ മലങ്കരസഭ നശിക്കാതിരിയ്ക്കുവാനും ഇടയായി. വളരെക്കാലത്തേക്ക് സഭയിൽ സമാധാനവും, സംതൃപ്തിയും നിലനിന്നിരന്നു എങ്കിലും മൂന്നാം ശതകാന്ത്യത്തിലും, നാലാം ശതകാരംഭത്തിലും ഇവർ പൂർവ്വാധികം ഞെരുക്കങ്ങളും, പ്രയാസങ്ങളും, അടിമത്തവും അനുഭവിക്കേണ്ടിവന്നു.

ക്രിസ്തുവിന് മുൻപും പശ്ചിമേഷ്യക്കാരായ പല വർഗ്ഗക്കാരും മലബാർ തീരവുമായി വ്യാപാരബന്ധത്തിൽ ഏർപ്പെട്ടിരുന്നു എന്ന് അവിതർക്കിതമായ ചരിത്രരേഖകൾ ഉണ്ട്. കേരളവുമായി വൻതോതിൽ വാണിജ്യം നടത്തിയിരുന്ന ജെറുശലേം സ്വദേശിയായ കാനായിലെ തോമ്മാ എന്ന ഒരു വാണിക്ക്ശ്രേഷ്ഠൻ എ. ഡി. 341 ൽ വ്യാപാരാർത്ഥം കൊടുങ്ങല്ലൂരിൽ ഇറങ്ങി സഞ്ചരിയ്ക്കുമ്പോൾ കഴുത്തിൽ ചെറിയ മരകുരിശു ധരിച്ച ഏതാനും ആളുകളെ കണ്ട് തോമ്മാ അത്ഭുതപ്പെട്ടു. അവരെപ്പററി കൂടുതലായി അന്വേഷിച്ചതിൽ മാർ തോമ്മാ ശ്ലീഹാ മുഖാന്തിരം ആദിമശതകത്തിൽ ക്രിസ്തുമാർഗ്ഗം സ്വീകരിച്ചവരുടെ സന്തതിപരമ്പരയാണെന്നും, വളരെക്കാലമായി ഇവരുടെ സ്ഥിതി ഏറ്റവും പരിതാപകരമാണെന്നും മററും ഗ്രഹിച്ച തോമ്മായ്ക്ക് ഇവരോട് സഹതാപം തോന്നുകയും പല സമ്മാനങ്ങളും മററും കൊടുത്തതിനു പുറമെ ഇവരുടെ കഷ്ടതകൾക്ക് ഒരു പരിഹാരമുണ്ടാക്കുന്നതിന്, 'കോൺസ്റ്റൻടയിൽ ചക്രവർത്തിയുടെ പ്രത്യേക ഉൽസാഹത്തിൽ എ. ഡി. 325 ൽ നിഖ്യായിൽ കൂടിയ ഒന്നാമത്തെ സാർവ്വത്രീക സുന്നഹദോസിൽ പേർഷ്യ, ഇൻഡ്യ, ചൈന മുതലായ പൗരസ്ത്യരാജ്യങ്ങൾ പരിശുദ്ധ അന്ത്യോഖ്യാ പത്രക്കീസിന്റെ അധികാരസീമയിൽ സ്ഥിരപ്പെടുത്തിയതിനാലും' കേരളസഭയെ അന്ത്യോഖ്യൻ സഭയോട് ബന്ധിപ്പിക്കുന്നത് ഏററവും ഫലവത്തായ ഒരു മാർഗ്ഗമായിരിക്കുമെന്ന് മടങ്ങിയെത്തിയ കുശാഗ്രബുദ്ധിമാനായ തോമ്മായ്ക്ക് തോന്നുകയാൽ അന്നത്തെ പത്രക്കീസായിരുന്ന മോറാൻമോർ ഒസ്താത്തിയോസിനോടും, സെലൂഷിയിലെ കാസോലിക്കായോടും ആലോചിച്ച് വേണ്ട അനുമതിയോടും, അനുഗ്രഹത്തോടുംകൂടി രണ്ടു കൊല്ലത്തെ നിരന്തരവും, നിഷ്ക്കർഷവുമായ ബദ്ധപ്പാടുകളുടെ ഫലമായി ഏഴ് പ്രധാന ഗോത്രങ്ങളിൽപ്പെട്ട എഴുപത്തിരണ്ട് കുടുംബക്കാരായ നാനൂറ് അംഗങ്ങളെ ഇൻഡ്യയിലേക്കുള്ള കുടിയേററത്തിന് തയ്യാറാക്കി. പരിശുദ്ധ കാസോലിക്കാ ഇവരെ യാത്ര അയയ്ക്കുന്ന സന്ദർഭത്തെ വിവരിക്കുന്ന പുരാതനപ്പാട്ടിലെ ഭാഗം ഏററവും ഹൃദയവേദന ഉണ്ടാക്കുന്നതാണ്. അവർ മലങ്കരയിൽ എത്തിയാൽ പിന്നീട് വേണ്ട കാര്യങ്ങളെക്കുറിച്ചും മററും കാതോലിക്കായും കുടിയേററക്കാരും തമ്മിലുള്ള സംഭാഷണം താഴെ ചേർക്കുന്ന പാട്ടിൽ വിവരിക്കുന്നു.

'ഇന്നു നീ ഞങ്ങളെകൈവിട്ടോമാറാനെ
ഇന്നു ഞങ്ങൾക്കൊരു പിൻതുണയില്ലല്ലോ
പട്ടണമൊന്നില്ല ഭാഷകളൊന്നില്ല
ഭംഗികൾ ഞങ്ങടെ ഭൂഷണം കൊണ്ടിട്ട്
കല്പന ഞങ്ങളിരിപ്പിടത്താക്കണം

കാലോചിതം പോലെ നല്ലയാബൂൻമാരെ
കാലമീരാണ്ടിന് മുൻമ്പ് ഞാനെത്തിപ്പേൻ
ഏഴില്ലമെഴുപത്തിരണ്ടു് കുടിയാരും
ഒത്തൊരുമിച്ചങ്ങുപോകണം നിങ്ങളും
വെൺമയിൽ പോയാലും മക്കളെ നിങ്ങള്
ചട്ടയും മുട്ടാക്കും കൊന്തതലമുണ്ട്

കപ്പലെകേറുവാൻ കടപ്പുറം പൂക്കാറെ

ഉററവരുടയവർ ബന്ധുക്കളെല്ലാരും
തങ്ങളിതങ്ങളിലമ്പോടെ തഴുകുന്ന
മാർവ്വത്തു് കണ്ണുനീർ മാർവ്വംനനയുന്ന
തമ്പുരാനല്ലാതെയില്ലൊരു സാക്ഷിയും
മക്കളെക്കാണുമോ ഹിന്ദുവിൽപോയാലും
ബന്ധങ്ങൾ വേർവിടാതോർക്കണമെപ്പോഴും
പത്തുമൊരേഴുമങ്ങെപ്പോഴും ചിന്തിപ്പീൻ
പാടുമറിയാതിരിക്കണം നിങ്ങളും'

ഇവരുടെ ആത്മീയകാര്യനിർവ്വഹണത്തിനായി എഡേസ്സായിലെ മാർ യൌസേഫ് മെത്രാനും രണ്ടു കശ്ശീശ്ശമാരും ഏതാനും ശെമ്മാശ്ശൻന്മാരും ഇവരോടുകൂടി പോരത്തക്കവണ്ണം കല്പനയും വാങ്ങി പുറപ്പെട്ടു. എ. ഡി. 345 ൽ കൊടുങ്ങല്ലൂർ തുറമുഖത്തെത്തി. എ. ഡി. 341 മുതൽ 378 വരെ കേരളം ഭരിച്ചിരുന്ന ചേരമാൻ പെരുമാളിനെ വിവരം അറിയിച്ചതിൽ കച്ചവടത്തിന്റെ അഭിവൃദ്ധിയെ ഉദ്ദേശിച്ചും, വലിയ ധനവാൻന്മാരായ വിദേശികളെ തന്റെ രാജ്യത്തിൽ സ്വീകരിക്കുന്നത് തനിക്ക് അഭിമാനകരമായതുകൊണ്ടും, തോമ്മായെക്കുറിച്ചുള്ള മുൻപരിചയത്താലും അന്നു ലഭിച്ച വിലമതിക്കാത്ത കാഴ്ച വസ്തുക്കളിലും മതിമറന്നും, തന്റെ പ്രതിനിധിയെ പല്ലക്കും കൊടുത്ത് കടപ്പുറത്തേക്കയച്ച്് തോമ്മായെയും, മെത്രാനെയും മററും രാജോചിതമായി സ്വീകരിച്ച് പെരുമാളിന്റെ സന്നിധിയിലേക്ക് ആനയിച്ചു. കുശലപ്രശ്നാദികൾക്കുശേഷം ഇവർക്കെല്ലാം യഥോചിതം താമസത്തിന് വേണ്ട സ്ഥലം അളന്നതിരിച്ച് കൊടുത്തതുകൂടാത് കുടിയേറിയ കുടുഃബത്തിന്റെ കണക്കനുസരിച്ച് എഴുപത്തിരണ്ടു പദവികൾകളും, പതിനേഴു പരിഷക്കാരെ കീഴാക്കിയും ചെമ്പുതകിടിൽ രേഖപ്പെടുത്തിക്കൊടുക്കുകയും ചെയ്തു. ഇവർ താമസമാക്കിയ സ്ഥലത്തിന് 'മഹാദേവർ' പട്ടണം എന്ന പേരായിരുന്നു.

എ. ഡി. 343 മുതൽ 35 വർഷം നീണ്ടുനിന്ന ഒരു മതപീഡനം പേർഷ്യയിലെ രാജാവായ സാപ്പർ രണ്ടാമന്റെ കാലത്ത് ആരംഭിച്ചു എന്നും, സ്ത്രീകളും, കുഞ്ഞുങ്ങളും ഉൾപ്പെടെ പതിനായിരത്തിൽ അധികം ആളുകളെ നിഷ്ക്കാരുണം വധിച്ചു എന്നും, ഈ സംഹാരത്തിന്റെ ആരംഭദശയിലാണ് തോമ്മായുടെ കുടിയേററാലോചനകൾ നടന്നത് എന്നും ചില ചരിത്രകാരൻന്മാർ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും, ആയത് അത്ര ശരിയായിരിക്കാൻ ഇടയില്ലാത്തതാകുന്നു. കോൺസ്റ്റന്റയിൻ ചക്രവർത്തി അതുല്യപ്രഭാവനായി വാഴുന്ന കാലത്ത് അദ്ദേഹത്തിന്റെ പ്രത്യേക ഉത്സാഹത്തിലും, മേൽനോട്ടത്തിലുമാണ് 325 ലെ നിഖ്യാ സുന്നഹദോസ് കൂടിയത്. നിഖ്യാ സുന്നഹദോസു മുതൽ 345 വരെയുള്ള കാലങ്ങളിൽ ക്രൈസ്തവരുടെ നില അത്യുന്നതമായിരുന്നതും, ചക്രവർത്തിയുടെ ഭാരിച്ച ദണ്ഡാഗാരങ്ങൾ ക്രിസ്തുമതപ്രചരണാർത്ഥം നിർലോഭം തുറക്കപ്പെട്ടിരുന്നതിനാലും അന്നത്തെ മെത്രാൻന്മാർക്ക് മജസ്റ്റീരിയൻ അധികാരങ്ങൾക്കൂടി കൊടുത്തിരുന്നു എന്ന് ചരിത്രകാരൻന്മാർ രേഖപ്പെടുത്തിയിരിക്കുന്നതുകൊണ്ടും, സാപ്പർ രണ്ടാമന്റെ മതപീഡനം തോമ്മായുടെ കുടിയേററത്തെ കുടുതൽ സഹായിച്ചു എന്നുള്ളത് നിരർത്ഥകമാണെന്ന് കാണാവുന്നതാണ്.

ധനികനും രാജപ്രീതിനേടിയവരുമായ വിദേശ ക്രിസ്താനികളുടെ വരവു് അടിമത്വത്തിലും, അനാഥത്വത്തിലും സ്ഥിതിചെയ്തിരുന്ന നാട്ടു ക്രിസ്താനികളെ എത്ര മാത്രം സന്തുഷ്ടരാക്കി എന്ന് പറയേണ്ടതില്ലല്ലോ. നാട്ടു ക്രിസ്താനികൾക്ക് പട്ടക്കാരോ, മേൽപ്പട്ടക്കാരോ ഉണ്ടായിരുന്നില്ല. ധനരഹിതരായിരുന്നതിനാൽ സ്വാധീനബലമോ, വ്യവസ്ഥാപിതമായ ഒരു ആരാധനക്രമമോ ഇല്ലായിരുന്നു. ഇതിനും പുറമെ മതബോധവും കുറവായിരുന്നതിനാൽ വിദേശത്തുനിന്നുള്ള ക്രിസ്താനികളുടെ ആഗമനം ഇവയ്ക്കെല്ലാം പരിഹാരമുണ്ടാക്കുന്നതാകയാൽ നാട്ടു ക്രിസ്താനികളുടെയിടയിൽ പലരും കുടുഃബസഹിതം മഹാദേവർ പട്ടണത്തിൽ എത്തി താമസിക്കാൻ തീരുമാനിച്ചു. തോമ്മായുടെ ആഗ്രഹപ്രകാരം പെരുമാളിന്റെ കല്പനയനുസരിച്ച് ഇവർക്ക് മഹാദേവർ പട്ടണത്തിന്റെ വടക്കുഭാഗത്ത് താമസസൗകര്യം കൊടുപ്പിച്ചു. താൻന്മൂലം പിൽക്കാലത്ത് തെക്കുംഭാഗർ എന്നും വടക്കുംഭാഗർ എന്നും പേരുണ്ടാവാൻ കാരണമായി എങ്കിലും പൊതുവെ സുറിയാനി ക്രിസ്താനികൾ എന്ന സംജ്ഞ നടപ്പാവുകയും ചെയ്തു.

മഹാദേവർ പട്ടണത്തിൽ പള്ളിയും താമസസ്ഥലവും എല്ലാം ക്രമപ്പെടുത്തിയശേഷം തോമ്മാ വീണ്ടും വ്യാപാര സംബന്ധമായ കാര്യങ്ങളിൽ ഏർപ്പെടുകയും ആ യാത്രയിൽ വൈദീകഭ്യാസനത്തിന് ചില യുവാക്കന്മാരെ അലക്സന്ത്രിയായിലേക്കും മററും അയച്ച് വൈദീക പഠനം പൂർത്തിയാക്കി തിരിച്ചെത്തിക്കുകയും ചെയ്തു. ആയതിനാൽ തോമ്മായുടെയും, മെത്രാപ്പോലീത്തൻന്മാരുടെയും കാലശേഷവും പട്ടത്വവും, ആരാധനയും നിലനിന്നിരുന്നു.

കാലാന്തരത്തിൽ അന്നത്തെ തലമുറക്കാർ മരണമടഞ്ഞതിനാലും, കേരളവുമായുള്ള വ്യാപാരം മററു പലർ കൈവശപ്പെടുത്തിയതുകൊണ്ടും ഇവർക്ക് വിദേശവുമായുള്ള ബന്ധം കുറയുകയും പട്ടംകൊടുക്കുന്നതിന് മേൽപ്പട്ടക്കാർ ഇല്ലാതാകുകയും ചെയ്തതിനാൽ സഭ മുൻമ്പത്തെപ്പോലെ വിഷമത്തിലായി. അപ്പോഴേക്കും പെരുമാൾ ഭരണം അവസാനിച്ചു. കേരളം തന്നെ പലതായി വിഭജിക്കപ്പെട്ട് പല നാടുവാഴികളുടെയും, ഇടപ്രഭുക്കന്മാരുടെയും ഭരണത്തിലായിത്തീർന്നു എന്നുമാത്രമല്ല ജനപ്പെരുപ്പം മൂലം മഹാദേവർ പട്ടണം താമസത്തിനു മതിയാകാതെ വരികയും ചെയ്തു. കൂടാതെ 9 ാം നൂററാണ്ടിൽ കൊടുങ്ങല്ലൂരിൽ ഉണ്ടായിരുന്ന യഹൂദന്മാരും, മഹമ്മദീയരും തമ്മിൽ ഉണ്ടായ യുദ്ധത്തിൽ ക്രിസ്താനികളുടെ അങ്ങാടിക്ക് നാശം സംഭവിക്കുകയാൽ കൊടുങ്ങല്ലൂരിൽ നിന്നും താമസം മാററുന്നതിന് ഇവർ നിർബന്ധിതരായി. അതിനാൽ ഒരുകൂട്ടം ആളുകൾ ഉദയംപേരൂരിലേക്ക് താമസം മാററി.

അക്കാലത്ത് നാട്ടുവാഴികൾ തമ്മിൽ പലപ്പോഴും അതിർത്തിവഴക്കുകളും, സൗന്ദര്യപ്പിണക്കവും മൂലം യുദ്ധമുണ്ടാകുക പതിവായിരുന്നു. അതിനു മുൻമ്പുമുതലെ ഈ നാട്ടിലെ നടപ്പനുസരിച്ച് സുറിയാനി ക്രിസ്താനികളും 25 വയസ്സുവരെ അഭ്യാസമുറകൾ പഠിക്കുക സർവ്വസാധാരണമായിരുന്നതുകൊണ്ട് അവർക്ക് ചുവടും, കണക്കും, അടിതട, കളരിപ്പയറ്റു മുതലായ അഭ്യാസങ്ങളിൽ അസാമാന്യപാടവം സിദ്ധിച്ചിരുന്നു. വിശ്വസ്തരും, പ്രശസ്തരുമായ യുദ്ധവീരന്മാരായിരുന്നതിൽ നാടുവാഴികളുടെ ആഭ്യന്തര കലഹങ്ങളിൽ ഇവർ ചേരുന്ന കക്ഷിക്ക് വിജയം സുനിശ്ചിതമായിരുന്നു. അവസാനം കൊച്ചിയും, കോഴിക്കോടും തമ്മിലുണ്ടായ ഒരു യുദ്ധത്തിൽ ഇവർ കൊച്ചിയുടെ ഭാഗത്തുചേർന്നു യുദ്ധം ചെയ്തു. അതിനുശേഷം താരതമ്യേന സമാധാനപരമായി വർത്തിച്ചിരുന്നു. വടക്കുംക്കൂർ, തെക്കുംക്കൂർ മുതലായ രാജ്യങ്ങളിലേക്ക് ആ രാജാക്കൻന്മാരുടെ ക്ഷണമനുസരിച്ച്

മാറി താമസിക്കാൻ തീർച്ചപ്പെടുത്തി. അങ്ങനെ മഹാദേവർ പട്ടണത്തിലെയും, ഉദയംപേരൂരിലെയും താമസം മതിയാക്കി നമ്മുടെ പൂർവ്വീകർ കടുത്തുരുത്തിയിലും അവിടെനിന്നും കോട്ടയം, ചുങ്കം, കല്ലുശ്ശേരി മുതലായ സ്ഥലങ്ങളിലും ഓരോ കൂട്ടരായി മാറി താമസമുറപ്പിക്കുകയും ചെയ്തു. ഏതു നാട്ടുരാജാവിനും സുറിയാനിക്കാർ താമസത്തിനു ചെല്ലുന്നത് ഏററവും സന്തോഷമായിരുന്നു. ഇടപ്രഭുക്കന്മാരും, ചെറിയ നാട്ടുരാജാക്കൻന്മാരും ഇവരെ പ്രത്യേകം ക്ഷണിച്ചുവരുത്തി കൊട്ടാരത്തിനും, ക്ഷേത്രത്തിനും അടുത്ത് പള്ളിക്ക് സ്ഥലം കൊടുത്ത് താമസിപ്പിക്കുക പതിവായിരുന്നു. അതിനു കാരണം ഇവർ വ്യാപാരികളും, പലതരം പൊൻനാണയങ്ങൾ കൈവശമുള്ളവരും, വിശ്വസ്തരും, രണശൂരന്മാരുമായിരുന്നതിലാണ്.

കടുത്തുരുത്തിയിൽനിന്നും കോട്ടയം, ചുങ്കം, കല്ലുശ്ശേരി മുതലായ സ്ഥലങ്ങളിലേക്കുള്ള മാററം ഏകകാലത്തോ, അടുത്തടുത്ത കാലങ്ങളിലോ ആയിരുന്നു. കല്ലിശ്ശേരി പള്ളിയുടെ സ്ഥാപനം എ. ഡി. 1550 ൽ കോട്ടയം വലിയപള്ളിയുടെ സ്ഥാപനത്തിനു ശേഷമാണെന്നുള്ളതിന് മതിയായ തെളിവുകൾ ഉണ്ട്. 1599 ൽ പോർട്ടുഗീസ് ശക്തിയാൽ നടത്തപ്പെട്ട ഉദയംപേരൂർ സുന്നഹദോസ് കാലത്തുള്ള പള്ളികളുടെ പട്ടികയിൽ കല്ലിശ്ശേരി പള്ളിയുടെ പേരുകൂടി കാണുന്നതിനാൽ അതിന് മുൻമ്പുതന്നെ ഇവിടെ പള്ളി ഉണ്ടായിരുന്നു എന്നുള്ളത് നിസ്തർക്കമാണല്ലോ. പള്ളിയുടെ സ്ഥാപനത്തിനു മുൻപുതന്നെ കല്ലിശ്ശേരിയുടെ പ്രാന്തപ്രദേശങ്ങളിലും കടുത്തുരുത്തിയിൽനിന്നും ഇവിടേക്ക് നീങ്ങിയ ഒരുകൂട്ടം ആളുകൾ താമസമുറപ്പിച്ചിരുന്നു. ഇക്കാലത്ത് ഇവർ ചെങ്ങന്നൂർ സുറിയാനിപള്ളിയിൽ കൂടിവന്നതായി ഐതീഹങ്ങൾ ഉണ്ട്. ചുങ്കം പള്ളി 1554 ലും, കല്ലിശ്ശേരി പള്ളി 1580 ലും സ്ഥാപിതമായതാണെന്ന് നമ്മുടെ പുരാതന പാട്ടുകളിൽ കാണാവുന്നതാണ്. ഏകദേശം 30 വർഷം ഈ പള്ളി മഴുക്കീർ എന്ന സ്ഥലത്ത് ഇരുന്നതിനെ അവഗണിച്ചോ, അഥവാ പരിഗണിക്കാതെയോ, കാലനിർണ്ണയം ചെയ്തിരിക്കുന്നതിനാൽ ഈ പള്ളി കോട്ടയം പള്ളിയുടെ സ്ഥാപനത്തിനുശേഷവും, പുരാതന പാട്ടുകളിൽ വിവരിക്കുംവണ്ണം 1580 നു മുൻമ്പും ആയിരിക്കാമെന്നുള്ളത് നിർവിവാദമാണ്. റാന്നി ദേശവാസികളായ സുറിയാനിക്കാരും 1578 മുതൽ ഈ പള്ളി ഇടവകക്കാരായിരുന്നു എന്ന് ആ പള്ളിയുടെ ഒരു ചരിത്രരേഖയിൽ കാണുന്നു. ഏവംവിധങ്ങളായ തെളിവുകളാൽ കല്ലിശ്ശേരി പള്ളി 1550 നും 1578 നും ഇടയ്ക്ക്സ്ഥാപിതമായി എന്ന് അനുമാനിക്കുന്നതിൽ വലിയ തെററുണ്ടാവാൻ ഇടയില്ല.

ആദ്യ പള്ളിസ്ഥാപകന്മാരുടെ പൂർവ്വികന്മാർ കടുത്തുരുത്തിയിൽനിന്നും വന്നിട്ടുള്ളവരാണെന്നുള്ളതിലേക്ക് ഈ പള്ളിയിൽ ഇപ്പോഴും സൂക്ഷിച്ചുവരുന്ന പരുശുദ്ധ കന്യാകമറിയാമിന്റെ ഒരു ചിത്രം സാക്ഷ്യംവഹിക്കുന്നു. പ്രസിദ്ധ വൈദ്യനും, ചിത്രകാരനും ആയിരുന്ന വിശുദ്ധ. ലൂക്കോസിനാൽ വരക്കപ്പെട്ടതെന്ന് വിശ്വസിക്കപ്പെടുന്നു. രണ്ടു പടങ്ങൾ കടുത്തുരുത്തിയിൽ ഉണ്ടായിരുന്നതിൽ ഒന്ന് ഇവിടേക്ക് കൊണ്ടുവരപ്പെട്ടതാണെന്ന് പറയപ്പെടുന്നു.

കല്ലിശ്ശേരിപള്ളി ആദ്യം സ്ഥാപിച്ചത് മഴുക്കീർ എന്ന സ്ഥലത്ത് വരട്ടാറിന്റെ തെക്കേക്കരയിൽ ഇന്നും ‘പള്ളിഅയ്യം’ എന്ന് വിളിച്ചുവരുന്ന പുരയിടത്തിൽ ഏകദേശം 30 വർഷത്തോളം ആരാധന നടത്തിയിരുന്നതായി പുരാതന പാട്ടുകളിൽ കാണുന്നു. മുപ്പതാം വർഷത്തിലുണ്ടായ അതിവർഷവും, വെള്ളപ്പൊക്കവും നിമിത്തം പള്ളിക്കെട്ടിടം ഇളകി ഒഴുകിപ്പോകുകയും, ആളുകൾ ചേർന്ന് പിടിച്ച് അല്പം താഴെ ആറാട്ടുകടവിന് സമീപമുള്ള ‘പള്ളിമല’ എന്ന് ഇന്ന് അറിയപ്പെടുന്ന കുന്നിൽ അടുപ്പിച്ചു. ആ കുന്നിൻ മുകളിൽ പള്ളി സ്ഥാപിച്ച് ആരാധന തുടർന്നു എന്നുള്ളതിന് ഐതീഹങ്ങൾ ഉള്ളതുകൂടാതെ ഇന്നും പല ലക്ഷണങ്ങളും കാണുന്നുണ്ട്. എന്നാൽ എത്രകാലം അവിടെ ആരാധന നടന്നു എന്നുള്ളതിന് സൂഷ്മമായ രേഖകൾ ഒന്നും ലഭിച്ചിട്ടില്ല.

വരട്ടാറുമുതൽ വടക്കോട്ടുള്ള സ്ഥലങ്ങൾ അക്കാലത്ത് ‘പത്തില്ലത്തിൽ പോററിമാർ’ എന്നറിയപ്പെട്ടിരുന്ന ഇടപ്രഭുക്കൻന്മാരുടെ അധീനതയിൽ ആയിരുന്നു. അക്കാലങ്ങളിൽ ഇടപ്രഭുക്കൻന്മാർ കൊല്ലും, കൊലയും നടത്തിയിരുന്നു. അവരുടെ വകയായ തിരുവല്ലാ ക്ഷേത്രത്തിലെ ആറാട്ട് പുരാതനകാലം മുതൽ പള്ളിമലക്ക് സമീപമുള്ള ആറാട്ടുകടവിലായിരുന്നു. ഒരവസരത്തിൽ തിരുവല്ലായിൽനിന്നും ആറാട്ടെഴുന്നള്ളിച്ച് കടവിൽ എത്തിയ സമയം പള്ളിമലയിൽ കൊട്ടും വാദ്യഘോഷണവുംകേട്ട പോററിമാർ കാരണം അന്വേഷിച്ചതിൽ മാപ്പിളമാരുടെ പള്ളിപ്പെരുന്നാൾ ആണെന്നറിഞ്ഞ് വളരെ ക്ഷുഭിതരായി. പള്ളി തീവെച്ചുനശിപ്പിച്ചതിനുശേഷം ആറാട്ടു നടത്തിയാൽമതിയെന്ന് തീരുമാനിച്ചു. പല കരക്കാർ ചേർന്ന് ബലമായി പള്ളി തീവെച്ച് ചുട്ടുകളഞ്ഞു. ഇതിൽ നിരാശരും, നിരാശ്രയരുമായ നമ്മുടെ പൂർവ്വികർ സ്ത്രീകളും, കുഞ്ഞുങ്ങളുമടക്കം സങ്കടത്തോടും, കണ്ണുനീരോടും കൂടി അവരവരുടെ വീടുകളിലേക്കു മടങ്ങി.

ധിക്കാരികളായ പോററിമാരുടെ ഏതാദൃശപ്രവർത്തനങ്ങൾ ആററിന് തെക്കെക്കരയുള്ള ഹിന്ദുപ്രമാണികൾക്കും രസിച്ചില്ല. പോററിമർക്ക് വരട്ടാറിനു തെക്കുള്ള സ്ഥലങ്ങളിൽ അധികാരാവകാശങ്ങൾ ഇല്ലാതിരുന്നതിനാൽ, വരട്ടാറിനു തെക്കും പമ്പയാററിന്വടക്കുമായി ഏതെങ്കിലും ഒരു സ്ഥലം പള്ളിക്കുവേണ്ടി സമ്പാദിക്കുന്നതിന് ക്രൈസ്തവരും, ക്രൈസ്തവേതരരുമായ പ്രമാണികളും കൂടിച്ചേർന്ന് അന്വേഷിച്ചതിൽ ഇപ്പോൾ പള്ളി ഇരിക്കുന്ന കല്ലിശ്ശേരി പുരയിടം പററിയതാണെന്നു ബോദ്ധ്യമായി. അതിന്റെ ജന്മി മൂത്തേടത്ത് വഞ്ചിപ്പുഴ മഠത്തിൽ തമ്പുരാനായിരുന്നു. അന്ന് ആ മഠത്തിൽ മൂപ്പുഭരിച്ചിരുന്ന കുഞ്ഞിക്കുട്ടൻ എന്ന ഓമനപ്പേരിനാൽ അറിയപ്പെട്ടിരുന്ന പരമേശ്വരരു മൈനറായിരുന്നതിനാൽ അദ്ദേഹത്തിന്റെ മാതാവായിരുന്ന തമ്പുരാട്ടിയായിരുന്നു കാര്യഭരണം നടത്തിയിരുന്നത്. ഈ തമ്പുരാട്ടി ബുദ്ധിമതിയും, നയകോവിദയുമായിരുന്നു. സ്ഥലം പള്ളിക്ക് ആവിശ്യപ്പെടുന്നതിനു മുൻമ്പ് ആ പുരയിടം തന്റെ ഭാര്യക്ക് ഒരു കെട്ടിടം പണിയിച്ചു കൊടുക്കുന്നതിലേക്ക് തട്ടിയെടുക്കണമെന്ന് പ്രസ്തുത മഠത്തിലെ കാര്യസ്ഥനായ ഒരു നായർപ്രമാണി വിചാരിച്ചിരുന്നു. വിവരം തമ്പുരാട്ടിയോടും അയാൾ പറഞ്ഞിരുന്നു. മാന്യൻന്മാരായ ബഹുജനങ്ങളെയും, സ്വന്തം കാര്യസ്ഥനെയും മുഷിപ്പിക്കാൻ മടിച്ച തമ്പുരാട്ടി ഒരു കൗശലം പ്രയോഗിച്ചു. ‘ആ സ്ഥലം നിങ്ങൾ ഇരുകൂട്ടരും ആവിശ്യപ്പെടുന്നല്ലോ ആയതിനാൽ ഞാൻ ഒരു വിധി പറയാൻ തീരുമാനിച്ചു. നിങ്ങളിൽ ആരാണൊ ആദ്യം കനകപ്പൊടി മഠത്തിലേക്ക് കാഴ്ച്ചവെയ്ക്കുന്നത് അവർക്ക് ആ സ്ഥലം കൊടുക്കാം’. ഈ തീരുമാനം കേട്ട് ഇരുഭാഗക്കാരും സതംഭിച്ചുപോയി. എല്ലാവരും നിരാശരായി മടങ്ങി.

ക്രിസ്താനികളുടെ കൂട്ടത്തിൽ പലർ ഉണ്ടായിരുന്നു എങ്കിലും അതിൽ പ്രധാനികൾ തിരുവല്ലാ പള്ളിയമ്പിൽ ഉതുപ്പും, മംഗലത്തിൽ ഉതുപ്പാനും ആയിരുന്നു. എല്ലാവരും നൈരാശ്യത്തോടെ പിരിഞ്ഞുപോകുകയും, വേറെ സ്ഥലം അന്വേഷിക്കണമെന്ന് വിചാരിക്കുകയും ചെയ്തു. അന്നുവൈകിട്ട് പള്ളിയമ്പിൽ ഉതുപ്പ് സ്വഭവനത്തിൽ എത്തിയിട്ട് കുളിക്കാതെയും, ഭക്ഷ

ണം കഴിക്കാതെയും സങ്കടപ്പെട്ടുകിടന്നത് കണ്ട തന്റെ മാതാവ് വിവരം ചോദിക്കുകയും അയാൾ വിവരങ്ങളെല്ലാം സ്വന്തം മാതാവിനോടു പറയുകയും ചെയ്തു. ആ മാതാവ് 'എന്റെ മകൻ എഴുന്നേററ് കുളിച്ച് ഊണുക്കഴിക്കു ഞാൻ പരിഹാരമുണ്ടാക്കാം' എന്നു പറഞ്ഞപ്പോൾ അയാൾ സന്തോഷത്തോടുകൂടി ചാടി എഴുന്നേററ് കുളിയും, ഊണും കഴിഞ്ഞ് സുഖമായി ഉറങ്ങി. അതിരാവിലെ തന്നെ തമ്പുരാട്ടിയെ കാണാൻ തീർച്ചപ്പെടുത്തി. മററുള്ളവരുമായി യാത്രയാകാറായ സമയം ആ വന്ദ്യമാതാവ് മടിയിൽനിന്നും ഒരു ചെറിയ പുല്ലുവട്ടിയെടുത്ത് മകനെ ഏല്പിച്ചു. അതിനകത്ത് കനകപ്പൊടി ഉണ്ടായിരുന്നു. അതുമായി സന്തോഷഭരിതനായി തിരിച്ച ഉതുപ്പും കൂട്ടരും തമ്പുരാട്ടിയെക്കണ്ട് കനകപ്പൊടി കാഴ്ചവെച്ച് കല്ലിശ്ശേരി പുരയിടം കരമൊഴിവാക്കി വാങ്ങി.

ഇപ്രകാരം പരിശുദ്ധ ദൈവമാതാവിന്റെ നാമത്തിൽ കല്ലിശ്ശേരി പുരയിടത്തിൽവെച്ച പള്ളിക്ക് പിൽക്കാലത്ത് കല്ലിശ്ശേരി പള്ളി എന്ന പേരുണ്ടായി, എന്നല്ലാതെ കല്ലിശ്ശേരി എന്നൊരുസ്ഥലം റവന്യൂ റിക്കാർഡിൽ ഇതംപര്യാന്തം കാണാനില്ല. ഈ പുരയിടം സ്ഥിതിചെയ്യുന്നത് തിരുവൻവണ്ടൂർ വില്ലേജിൽ ഉമയററുകരമുറിയിലാണ്. സമീപത്തുള്ള കരകൾ മഴുക്കീർ മേലും, മഴുക്കീർ കീഴുമാണ്. ഇന്ന് കല്ലിശ്ശേരി എന്നറിയപ്പെടുന്ന സ്ഥലത്ത് പള്ളിയുടെ സ്ഥാപനകാലത്ത് ഒരു ക്രിസ്തൻ ഭവനം പോലും ഉണ്ടായിരുന്നില്ല. എങ്കിലും രാമങ്കരി മുതൽ റാന്നിവരെ 18 കരകളിൽ (ഇടവകക്കാർ) അധിവസിച്ചിരുന്ന ക്നാനായക്കാർ ഈ പള്ളി സ്ഥാപിക്കുന്ന കാര്യത്തിൽ ഉൽസുകരും ഈ പള്ളിയിൽ കൂടിനടന്നിരുന്നവരും ആയിരുന്നു.

കല്ലിശ്ശേരി പള്ളി സ്ഥാപനകാലത്തെ മലങ്കരയിലെ സ്ഥിതിയെപ്പററി അറിയുന്നത് രസാവഹമായിരിക്കുമല്ലോ എ. ഡി. 1490 ന ശേഷം വിദേശത്തെ സാഹചര്യപ്രതികൂലം നിമിത്തം ഒരു 100 ൽപരം വർഷത്തേക്ക് അന്ത്യോഖ്യായിൽ നിന്നോ അലക്സാന്ത്രിയായിൽ നിന്നോ നമുക്ക് മേല്പട്ടക്കാരെ ലഭിക്കാതിരുന്നതിനാൽ ബാബിലോണിൽനിന്നും നെസ്തോറിയൻ മേധാവിത്വം അറിഞ്ഞോ, അറിയാതെയോ നാം സ്വീകരിക്കേണ്ടിവന്നു. ഏതാണ്ട് 110 വർഷത്തോളം നീണ്ടുനിന്ന നെസ്തോറിയൻ ഇടപെടൽ കാലത്താണ് കല്ലിശ്ശേരി പള്ളിയുടെ സ്ഥാപനം. ഈ കാലയളവിൽ ഏതാനും നെസ്തോറിയൻ ആചാരങ്ങളും, നടപടികളും തമ്മിൽ പകരാതെയും ഇരുന്നില്ല. അതിനിടയിൽ റോമാപറങ്കികളുടെ കൈയ്യേററവും അതിനോടനുബന്ധിച്ചുള്ള പീഡനങ്ങളും ഏകദേശം 50 കൊല്ലക്കാലം അനുഭവിക്കേണ്ടിവന്നു. എങ്കിലും സർവ്വശക്തനായ ദൈവം നമ്മുടെയിടയിൽനിന്നുംതന്നെ നമ്മെയും ഇന്ന് പുത്തൻകൂററുകാർ എന്നറിയപ്പെടുന്ന സുറയാനിക്കാരെ മുഴുവനേയും പരിത്രാണനം ചെയ്യാൻ കഴിവുള്ള ഒരു നല്ല ഇടയനെ എഴുനേല്പിച്ചു. കല്ലിശ്ശേരി പള്ളിയുടെ ആദ്യവികാരി പ്രസിദ്ധനായ തുളുനാട്ടച്ചൻ ആയിരുന്നു എന്ന് പുരാതന പാട്ടിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

അഭിവന്ദ്യ ചരിത്രപുരുഷനും നിത്യസ്മരണാർഹനുമായ ആഞ്ഞിലിമൂട്ടിൽ ഇട്ടിതൊമ്മൻ കത്തനാർ ഈ പള്ളിയിലെ രണ്ടാമത്തെയോ, മൂന്നാമത്തെയോ വികാരിയായി ഭരണം കൈയ്യേററതോടുകൂടി മലങ്കരസഭയിൽ ഒരു സൗഭാഗ്യതാരം ഉദിച്ചുവെന്ന് നിസ്സംശയം പറയാം. മലങ്കര സുറിയാനിക്കാർക്കുവേണ്ടി അദ്ദേഹം സ്വജീവനെപ്പോലും തൃണവൽക്കരിച്ച് ചെയ്തിട്ടുള്ള അനവരതങ്ങളായ സേവനങ്ങൾ സഭാചരിത്രത്തിൽ സുവർണ്ണലിപികളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഗോവായിലെ ആർച്ചുബിഷപ്പായിരുന്ന മെനസ്സീസ്സ്, പോർട്ടുഗീസ് ശക്തിമൂലം നാട്ടുരാജാക്കൻമ്മാരെ സ്വാധീനപ്പെടുത്തി മലങ്കരസഭ മുഴുവനും മാർപ്പാപ്പായുടെ അധികാരത്തിൽ കീഴടക്കാനുള്ള ജുഗുപ്സാവഹമായ നടപടികൾ നടത്തിവന്നു. തുടർന്നുണ്ടായ കർമ്മലീത്താ പീഡനങ്ങളിൽ നിന്നും സഭയെ രക്ഷിച്ചത് സ്മര്യപുരുഷന്റെ കുശാഗ്ര ബുദ്ധിയും സന്ദർഭോചിതമായ വീര, ധീര പരിശ്രമങ്ങളും ആയിരുന്നു. ഏതാദൃശങ്ങളായ തന്റെ പ്രവർത്തനങ്ങൾ മൂലം ഒരു പങ്ക് സുറിയാനിക്കാരെ പറങ്കി നുകത്തിൽ നിന്നും വേർപെടുത്തിയില്ലായിരുന്നവെങ്കിൽ ഇന്ന് മലങ്കരയിൽ ഒരു റോമേതര സുറിയാനിക്കാരൻ പോലും അവശേഷിക്കുകയില്ലായിരുന്നു. ഒന്നാം മാർത്തോമ്മായ്ക്ക് സഹായികളായി മലങ്കരസഭ തെരഞ്ഞെടുത്തു നിശ്ചയിച്ച നാലു വൈദീകരിൽ ഒരാൾ മരിച്ചു പോകുകയും രണ്ടുപേർ പറങ്കികളുടെ പൊൻനാണയത്തിൽ മയങ്ങിപോകുകയും ചെയ്യുകയാൽ ശേഷിച്ച ഇട്ടിതൊമ്മൻ കത്തനാർ വിശ്വസ്ഥതയോടും, സധൈര്യത്തോടുംകൂടി ഒന്നാം മാർത്തോമ്മായോട് ചേർന്നുനിന്ന് അദ്ദേഹത്തിന്റെ ആലോചനക്കാരനും, നടത്തിപ്പുകാരനുമായി വർത്തിച്ചിരുന്ന സന്ദർഭങ്ങളിലെല്ലാം കല്ലിശ്ശേരി ഇടവകക്കാർ ബഹുമാന്യനായ അച്ചന് പിൻതുണയായിരുന്നു എന്നുള്ളത് നമുക്ക് അഭിമാനകരമാണ്.

മെനസ്സീസ്സ് മെത്രാൻ പോർട്ടുഗീസ് പട്ടാളത്തിന്റെയും നാട്ടുരാജാക്കൻമ്മാരുടെയും സഹായത്താൽ ഒപ്പിടുവിച്ച് പാസ്സാക്കിയെടുത്ത 1599 ലെ കുപ്രസിദ്ധമായ ഉദയംപേരൂർ സുന്നഹദോസ് നിശ്ചയങ്ങളാൽ സുറിയാനി സഭയുടെ വിശ്വാസാചാരങ്ങൾ നശിപ്പിച്ച് പകരം പറങ്കി നടപടികൾ അടിച്ചേൽപ്പിച്ചു. തൻമൂലം കുറെക്കാലത്തേക്ക് സുറിയാനികൾ മനസ്സില്ലാമനസ്സോടെയെങ്കിലും പറങ്കിമേധാവിത്തത്തിലമർന്നുപോയി. ഏതുവിധേനയെങ്കിലും ഈ വലയിൽനിന്നും വെളിയിൽ ചാടാൻ തക്കം പാർത്തിരിക്കുമ്പോൾ പരദേശത്തുനിന്നും മലങ്കരയ്ക്കയച്ച പിതാക്കൻമ്മാരെയോ, മലങ്കര സഭയെക്കുറിച്ചുതന്നെയോ ഏറിയ കാലമായി യാതൊരറിവും ലഭിക്കാതിരുന്നതു മൂലം തന്റെ സഭയേയും, ഇടയന്മാരെയും അന്വേഷിച്ചിറങ്ങിയ അന്ത്യോഖ്യായിലെ മാർ ഇഗ്നാത്യോസ് ശെമവൂൻ (അഹത്തുള്ള) പാത്രീയർക്കീസിനെ സൂററിൽവച്ച് പറങ്കികൾ 1652 ൽ ബന്ധനസ്ഥനാക്കി മൈലാപ്പൂർവഴി കൊച്ചിയിൽ കൊണ്ടുവന്ന വിവരം അറിഞ്ഞ സുറിയാനിക്കാർ തങ്ങളുടെ പിതാവിനെ വിട്ടുതരണമെന്ന് ആവിശ്യപ്പെട്ടതിൽ പറങ്കികൾ വഴിപ്പെടാതിരുന്നതിനാൽ 5000 സുറിയാനിക്കാർ സംഘംചേർന്ന് പാത്രിക്കീസിനെ ബലമായി കൊണ്ടുപോരുവാനായി കൊച്ചി കോട്ടയിൽ എത്തി. എന്നാൽ പറങ്കികൾ അദ്ദേഹത്തെ കല്ലുകെട്ടി കടലിൽ താഴ്ത്തി എന്ന വാർത്ത പ്രസിദ്ധമായതോട് സങ്കടത്തോടും, വൈരാഗ്യത്തോടും കൂടിയാണ് മട്ടാഞ്ചേരിയിലെ പ്രസിദ്ധമായ കൂനൻ കുരിശുസത്യം 1653 ൽ നടന്നത്. ഈ സത്യത്തിന് എല്ലാവരുംകൂടി ഒരു കുരിശിൽ തൊടുവാൻ സാധിക്കാത്തതിനാൽ നീളമുള്ള കയർകെട്ടി എല്ലാവരും അതിൽപിടിച്ച് സത്യംചെയ്തു. അതിലേക്ക് സത്യവാചകം ചൊല്ലിക്കൊടുത്തത് നമ്മുടെ ഇട്ടിതൊമ്മൻ കത്തനാരായിരുന്നു.

മാർത്തോമ്മയുടെ സഹായികളിൽ ഒരാളായിരുന്ന കടവിൽ ചാണ്ടിക്കത്തനാർ പണവും, പ്രതാപവും മോഹിച്ച് പറങ്കിക്കടിമപ്പെട്ട വിവരം അറി

ഞ്ഞ് ചുങ്കംപള്ളിയിൽ നിന്നും ഇട്ടിതൊമ്മൻ കത്തനാർ, ചാണ്ടിക്കത്തനാരുടെ പേർക്ക് അയച്ച ഒരെഴുത്ത് ഏററവും രസാവഹമായതിനാൽ താഴെച്ചേർക്കുന്നു.

'ഓവിയാകപ്പെട്ട അനുജൻ കടവിൽ ചാണ്ടിക്കത്തനാരച്ചൻ കണ്ട് എന്നാൽ .......

അന്തിയോക്കിയായിലെ ബഹുമാനപ്പെട്ട പാത്രയർക്കീസച്ചൻ ഈ മലങ്കരയ്ക്ക് അവകാശിയും അവിടെനിന്നും മേല്പട്ടക്കാരെ അയച്ച് നമുക്ക് വേണ്ടുന്ന കൂദാശകൾ തന്നും പണ്ടേതൊട്ടു നടന്നുവരുമ്പോൾ ആയതു നമുക്കു വകിയായെന്നും ചമ്പാളുപ്പാതിരിമാര് കല്പിച്ചുതാനുമല്ലൊ. ആയതുകൊണ്ട് നോം എല്ലാപേരും മട്ടാഞ്ചേരിരിൽകൂടി സത്യംചെയ്തുകഴിഞ്ഞയുടനെ ഇതിനൊക്കെയും ഭേദംവരുമന്നും ചില അൽമേനികൾ പറഞ്ഞപ്പോൾ ഒരു ഒണക്കക്കമ്പ് ഞാൻ ഒടിച്ച് ഇതുമുറികൂടുമ്പോൾ അല്ലാതെ പറങ്കികളും, നൊമ്മളും കൂടെ ഒരുമ്പെടുകയില്ലെന്നും പറഞ്ഞശേഷം, ഇട്ടിതൊമ്മച്ചൻ പറഞ്ഞത് ഒരു നിവ്യസുഖമാകുന്നുയെന്നും ആയതിനാൽ ഭേദം വരികയില്ലെന്നും പറഞ്ഞ അനുജന്റെ നാക്കേൽ തൊട്ടാൽ കൊള്ളാമെന്നു എന്റെ കയി ആശപ്പെടുന്നു. താനും, നോം എല്ലാപേരും കൂടി മെത്രാനച്ചന് എഴുതിക്കാടുത്തിരിക്കുന്ന പടിയോല പൊയ്പ്പോയിട്ടില്ലതാനും. ഇപ്പടിക്ക് ഇട്ടിതൊമ്മൻ കത്തനാര് എഴുത്ത്, ചുങ്കത്തി പള്ളിയിൽ നിന്നും.

സുറിയാനിക്കാരുടെ രക്ഷിതാക്കളും, ആരാധനാപാത്രവുമായിരുന്ന മാർ തോമ്മായേയും, ഇട്ടിതൊമ്മൻ അച്ചനേയും ഏതുവിധവും വധിക്കണമെന്ന് പറങ്കികൾ തീരുമാനിച്ചിരുന്നു. അവരുടെ പിടിയിൽനിന്നും ഒഴിയുന്നതിനും, സുറിയാനി സഭയെ വീണ്ടെടുക്കുന്നതിനുമുള്ള ശ്രമങ്ങൾക്കിടയിൽ പലപ്പോഴും ബഹുമാന്യനായ അച്ചൻ അനേകം അപകടങ്ങൾ തരണം ചെയ്യേണ്ടതായി വന്നുകൂടിയിട്ടുണ്ട്.

ഇട്ടിത്തൊമ്മൻ കത്തനാർ അമ്പലപ്പുഴ താലൂക്കിൽ കോയിൽമുക്ക് പകുതിയിൽ തലവടി ദേശത്തുള്ള പ്രശസ്തവും, പുരാതനവുമായ ആഞ്ഞിലിമൂട്ടിൽ കുടുംബത്തിൽ ജനിച്ചു. ഈ അഭിവന്ദ്യ വൈദീകന്റ തായ്വഴിയിൽപ്പെട്ട പത്തു വീട്ടുകാർ ഇപ്പോൾ തലവടിയിൽ പമ്പാനദിതീരത്ത് താമസിക്കുന്നുണ്ട്. ബ. എ. പി. ജോസഫ് ശെമ്മാശ്ശൻ ബി. എ. പ്രസ്തുത കുടുംബാംഗമാണ്. മലങ്കരസഭയിലെ ഒന്നാമത്തെ നാട്ടു മെത്രാനായിരുന്ന ഒന്നാം മാർത്തോമ്മായുടെ അതിവിശ്വസ്തമിത്രവും വാഗ്മിയുമായ ഒരു വൈദികവരേണ്യനുമായിരുന്ന ബഹുമാന്യനായ അച്ചൻ മലങ്കരസഭയ്ക്കും, സ്വസമുദായത്തിനുംവേണ്ടി മിക്കവാറും ഏകനായി അക്ഷീണവും നിസ്വാർത്ഥവുമായ സേവനം അനുഷ്ഠിച്ചിട്ടുണ്ട്. സുപ്രസിദ്ധമായ മാർഗ്ഗംകളി പാട്ടുകൾ ഒരു പണ്ഡിതനും, ഗ്രന്ഥകർത്താവുമായ ഇദ്ദേഹത്താൽ വിരചിതമാണെന്നു പറയപ്പെടുന്നു. ഇദ്ദേഹത്തിന്റെ ഒരു പ്രധാന കൃതി 'പൗലോസ് ശ്ലീഹായുടെ ചരിത്രം' എന്ന പദ്യഗ്രന്ഥമാണ്. വേറെയും ചില കൃതികൾ അദ്ദേഹം രചിച്ചിട്ടുണ്ടായിരിക്കണം. അവയിൽ ഒന്ന് പന്ത്രണ്ടു സ്ലീഹൻമ്മാരുടെയും, മാർ ഗീവർഗീസ് സഹദായുടെയും ചരിത്രങ്ങൾ അടങ്ങിയ 'ശ്ലീഹന്മാരുടെ ചരിത്രം' എന്ന കൃതിയാണെന്ന് ഊഹിക്കപ്പെടുന്നു. ഈ കൈയ്യെഴുത്തു ഗ്രന്ഥത്തിന്റെ പകർപ്പുകൾ ചില പുരാതന ക്രിസ്തൻ തറവാട്ടുകളിൽ സൂക്ഷിച്ചിട്ടുള്ളതായി അറിയാൻ കഴിഞ്ഞിട്ടുണ്ട്.

ആഞ്ഞിലിമൂട്ടിൽ തറവാടിനുസമീപം താമസിച്ചിരുന്ന ചാലുങ്കൽ ദാമോദരമേനോന് ബാല്യകാലത്ത് ആഞ്ഞിലിമൂട്ടിലെ ഒരു മഹിളാരക്നം പലപ്പോഴും സാരമായ സാമ്പത്തികസഹായങ്ങൾ ചെയ്തിരുന്നു. ജൻമ്മനാ സമർത്ഥനും ധീഷ്ണാശാലിയുമായിരുന്ന മേനോൻ പിൽക്കാലത്ത് ചെമ്പകശ്ശേരി രാജാവിന്റെ വിശ്വസ്തസേവകനും, കാര്യവിചാരിപ്പുകാരനുമായിത്തീർന്നു. അദ്ദേഹം അത്യുന്നത നില പ്രാപിച്ച് ഏറെനാൾ കഴിയുന്നതിനുമുൻമ്പ് ഒരു ദിവസം പരിവാരസമേതം ആഞ്ഞിലിമൂട്ടിൽ എത്തി വൃദ്ധയായ ആ ഗൃഹനായികയെക്കണ്ട് പലപാരിതോഷികങ്ങൾ നൽകിയതിനും പുമെ ആയിരത്തിഒന്ന് പറ നിലം കരമൊഴിവായി വെള്ളോലയിൽ തിരുവടയാളംവെച്ചു കൊടുത്തുവത്രെ. 'ഉണ്ടിരിക്കുമ്പോൾ കണ്ടിരിക്കണം' എന്നു പറഞ്ഞ് വിളവോടെ കൊടുത്ത പ്രസ്തുത സ്ഥാവര വസ്തുവിൽ 50 പറ നിലത്തോളം ഇപ്പോൾ ആഞ്ഞിലിമൂട്ടിൽ കുടുംബാംഗങ്ങളുടെ കൈവശാധീനത്തിലുണ്ട് മലങ്കര സഭാ സംബന്ധമായ പല പുരാതനരേഖകളും, പ്രമാണപകർപ്പുകളും പ്രത്യേകിച്ച് തമിഴിലും മലയാളത്തിലുമുള്ള പല പാചീന താളിയോല ഗ്രന്ഥങ്ങളും അടങ്ങിയ ഒരു ചൂരൽ പേടകം പ്രസ്തുത കുടുംബത്തിലുണ്ടായിരുന്നത് എങ്ങനെയോ നഷ്ടപ്പെട്ടുപോയതായും അറിയുന്നു.

അദ്ദേഹത്തെപ്പററി അനേകം ഗ്രന്ഥങ്ങളുടെ കർത്താവും ഒരു ചരിത്രപണ്ഡിതനുമായ ബഹുമാന്യ കണിയാംമ്പറമ്പിൽ കുര്യൻ കോർ എപ്പിസ്കോപ്പാ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു. 'ഈ ധീരാഗ്രേസരന്റെ ഓരോ പ്രവർത്തനവും മലങ്കരസഭയെ റോമാവിശ്വാസത്തിൽ നിന്നും രക്ഷിച്ചു. മലങ്കരസുറിയാനി സഭാമാതാവിന്റെ ഉത്തമപുത്രരിൽ ഒന്നാം സ്ഥാനത്തിനർഹനായ ആഞ്ഞിലിമൂട്ടിൽ ഇട്ടിതൊമ്മൻകത്തനാരെ മലങ്കരസഭ ആചന്ദ്രതാരം സ്മരിക്കുകതന്നെ ചെയ്യും'

'അങ്ങനെ മലങ്കര സുറിയാനിസഭയെ സത്യവും മലങ്കരയിൽ പുരാതനകാലം മുതൽക്കേ സ്ഥിതിചെയ്തിരുന്നതുമായ യാക്കോബായ വിശ്വാസത്തിലേക്ക് പുനരൈക്യപ്പെടുത്തിയ ഭക്തത്രയത്തിന്റെ ഭൗതീകാവശിഷ്ടങ്ങൾ നമ്മുടെ കർത്താവിന്റെ രണ്ടാമത്തെ വരവുവരെ സൂക്ഷിക്കുവാനുള്ള മഹാഭാഗ്യം വടക്കൻ പറവൂർ, അങ്കമാലി, കല്ലിശ്ശേരി എന്നീ പള്ളികൾക്ക് സിദ്ധിച്ചു.' (മാർ ഗ്രീഗോറിയോസ് ബാവാ വടക്കൻ പറവൂരും, ഒന്നാം മാർ തോമ്മാ അങ്കമാലിയിലും, ഇട്ടിതൊമ്മൻ കത്തനാർ കല്ലിശ്ശേരിയിലും)

തികഞ്ഞ സമുദായ സ്നേഹിയും, അന്യാദൃശബുദ്ധിമാനും ഗവേഷണ ചതുരനായ ഒരു ചരിത്രകാരനുമായിരുന്ന ഇ. എം. ഫിലിപ്പോസ് ഇട്ടിതൊമ്മൻ കത്തനാരെപ്പററി താഴെ കാണുന്നപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു. സമുദായാഭിമാനിയും, മഹാമനസ്ക്കനും, സ്വാർത്ഥപരിത്യാഗിയും, നിത്യ സ്മരണക്കർഹനുമായ ഇട്ടി തൊമ്മൻ കത്തനാരുടെ അശ്രാന്തപരിശ്രമത്തിന്റെയും അക്ഷീണോത്സാഹത്തിന്റെയും ബുദ്ധിപൂർവ്വമായ നയത്തിന്റെയും ഫലമായിട്ടല്ലായിരുന്നു എങ്കിൽ പുരാതനവും, പാവനവുമായ സുറിയാനിസഭ റോമൻ മിഷ്യനറിമാരുടെ പീഢകളിലും തന്ത്രങ്ങളിലും നിന്നു രക്ഷ പ്രാപിക്കുക ഇല്ലായിരുന്നു. അഹത്തുള്ള നിർദ്ദയം വധിക്കപ്പെട്ടപ്പോൾ ജനത്തെ എതിർപ്പിന് ഒരുക്കിയത് അദ്ദേഹമായിരുന്നു. കൂനൻകുരിശു സത്യത്തിന് വാചകം പറഞ്ഞുകൊടുത്തത് അദ്ദേഹമായിരുന്നു. ആലോചനാ സംഘത്തിന്റെ നായകനെന്നനിലയിൽ മാർ തോമ്മായെ ഉപദേശിക്കുകയും, നയിക്കുകയും ചെയ്തത് അദ്ദേഹമായിരുന്നു. തന്റെ കൂട്ടുപദേഷ്ടാക്കന്മാരിൽ രണ്ടുപേർ വഞ്ചകൻന്മാരായി തീർന്നപ്പോൾ അദ്ദേഹം സ്ഥിരതയോടു കൂടിയിരുന്ന് സഭയ്ക്കുവേണ്ടി കഷ്ടപ്പെട്ടു. ചിതറിപ്പെട്ടുപോയ സുറിയാനിക്കാരെ കൂട്ടിച്ചേർക്കുന്നതിനും ബിഷപ്പ് ജോസഫിന്റെയും, കർമ്മലീത്താ മിഷ്യനറിമാരുടെയും ദുരാലോചനകളിൽനിന്നും, കൂട്ടുകെട്ടുകളിൽ നിന്നും

അവരെ സംരക്ഷക്കുന്നതിനും അദ്ദേഹം ഭഗീരഥപ്രയത്നം ചെയ്തു. സമുദായത്തിലെ വ്യക്തികൾ എന്നല്ലാ ഇടവകകൾ മുഴുവനായിട്ടുപോലും മാർ തോമ്മായെ ത്യജിച്ചപ്പോൾ അദ്ദേഹം നിരാശാഭരിതനായ മെത്രാനെ സമാശ്വസിപ്പിച്ചു. തടവിൽ വസിച്ചപ്പോഴും മലമ്പ്രദേശങ്ങളിൽ അലഞ്ഞ് സഞ്ചരിച്ച അവസരങ്ങളിലും മെത്രാൻ അനുഭവിക്കേണ്ടിവന്ന സകല കഷ്ടതകളിലും അദ്ദേഹം ഓഹരിക്കാരനായിരുന്നു. അതിശയകരമായ വിധത്തിൽ പ്രച്ഛന്നവേഷനായി സ്വാതന്ത്ര്യം പ്രപിക്കാതെ ഇരുന്നെങ്കിൽ അദ്ദേഹം മെത്രാനോടുക്കൂടി ഗോവയിലെ ദണ്ഡനസ്ഥലത്തുവച്ച് രക്തസാക്ഷിയായി മരിക്കുമായിരുന്നു. മാർ തോമ്മായുടെ സ്ഥാനത്തെ സാധുകരിക്കുന്നതിന് ക്രമമായി വാഴിക്കപ്പെട്ട ഒരു മെത്രാപ്പോലീത്തയെ അയച്ചുതരണമെന്ന് അദ്ദേഹം സമുദായത്തിനുവേണ്ടി അന്ത്യോഖ്യാ പാത്രയർക്കീസ് ബാവായുടെ പേർക്ക് കത്തയച്ചു. അദ്ദേഹം വിശ്വസ്തയോടും സത്യത്തോടും മിക്കവാറും ഏകനായി സ്വസഭയ്ക്കും സ്വസമുദായത്തിനും വേണ്ടി സമരംചെയ്തു എങ്കിലും മോശയെപ്പോലെ സ്വപ്രയത്നങ്ങളുടെ സന്തോഷകരങ്ങളായ ഫലങ്ങളെ കണ്ടാനന്ദിക്കുന്നതിന് അദ്ദേഹത്തിന് സാധിച്ചില്ല. പരമഭക്തനും, ധീരനുമായ ക്രിസ്തുവിന്റെ ഈ ഭടൻ 1659 മേടം 27 ാം തീയതി കർത്താവിൽ നിദ്രപ്രാപിക്കുകയും സ്വന്തം ഇടവകയായ കല്ലിശ്ശേരി പള്ളിയിൽ യഥാവിധി സംസ്ക്കരിക്കപ്പെടുകയും ചെയ്തു.

ഒരു ആഗ്ലേയ ചരിത്രകാരൻ അദ്ദേഹത്തെപ്പററി രേഖപ്പെടുത്തിയിരിക്കുന്നത് ഇപ്രകാരമാണ്.

"His Principal councillor Itty Thommen Katannar was an inflexible and discerning man. Who penetrated all the Carmelites" designs and preserved the Arch Deacon from falling into several snares, that were craftily laid to despoil Him of his Dignity"

നമ്മുടെ പള്ളി വികാരിയായിരുന്ന ഭക്തനും ധീരാഗ്രേസരനുമായിരുന്ന ബഹുമാന്യനായ അച്ചന്റെ തൃതീയ ചരമശതവാർഷികം അടുത്ത 1959 മേയ് 10 ന് ആകയാൽ പ്രസ്തുതദിനം ആഘോഷപൂർവ്വം കൊണ്ടാടുന്നതിനും, അദ്ദേഹത്തിന്റെ പാവന സ്മരണയെ നിലനിർത്തുന്നതിന് സമുചിതമായ ഒരു സ്ഥാപനം ഉണ്ടാക്കുന്നതു സംബന്ധിച്ചും ഉള്ള കാര്യങ്ങൾ ഇടവകക്കാരുടെ അവഗാർഢമായ ചിന്തയ്ക്ക് വിഷയീഭവിച്ചിട്ടുണ്ട്.

ഇട്ടി തൊമ്മൻ കത്താനാരുടെ ആയുഷ്ക്കാലപര്യന്തമുള്ള കഠിനാദ്ധ്വാനഫലം തന്റെ മരണശേഷം ആറാം കൊല്ലത്തിൽ യറുശലേമിലെ മാർ ഗ്രീഗോറിയോസ് ഇവിടെ എത്തിയപ്പോൾ മുതൽ മലങ്കരസഭ അനുഭവിക്കാൻ തുടങ്ങി. ഈ പള്ളി സ്ഥാപിക്കുന്ന കാലത്ത് നെസ്തോറിയാ ഭരണമാണ് ഇവിടെ ഉണ്ടായിരുന്നത് എന്ന് മുൻപ് പ്രസ്താവിച്ചിട്ടുണ്ടല്ലോ. ആ കാലത്ത് ഇവിടെ സുറിയാനിക്കാരെ ഭരിച്ചിരുന്നത് മാർ അബ്രഹാം എന്ന പേരായ ഒരു നെസ്തോറിയാ മെത്രാനായിരുന്നു. അദ്ദേഹം ഹൃദയംകൊണ്ട് നെസ്തോറിയനായിരുന്നു എങ്കിലും സ്ഥാനത്തെ കാംക്ഷിച്ചും പറങ്കികളെ ഭയന്നും മനഃസാക്ഷിക്ക് വിപരീതമായി പാപ്പാ മതാനുസാരിയായിക്കൊള്ളാമെന്ന് അവരുടെ സന്നിധിയിൽ മൂന്നു പ്രാവിശ്യം സത്യംചെയ്യുകയും ആ സത്യത്തിൽനിന്നും പിഴയ്ക്കുകയും ചെയ്തിട്ടുണ്ട് . ഇതുമൂലം അദ്ദേഹം പല കഷ്ടതകളും അനുഭവിക്കേണ്ടതായും വന്നുകൂടി. പുരാതന പാട്ടുകളിൽ അദ്ദേഹത്തെപ്പററി വിവരിക്കുന്ന ഭാഗം ഏവരുടേയും ഹൃദയത്തെ സ്പർശിക്കുന്നതാണ്.

'തലവൻ മാർപ്പാപ്പാതന്റെ
ഉലരും തിരുകുറി കണ്ടിട്ടും
കലയാനക്കൊമ്പൻ പറങ്കി
അലറിക്കൊണ്ടവിടെ എതിർത്തു'
'പാപ്പാകടലാസ് നെററിമേൽ കെട്ടീട്ട്
പട്ടണമൊക്കെ പകലെ നടത്തീട്ട് '

അദ്ദേഹത്തെ മരിക്കുന്നതുവരെ ജീവിച്ചുകൊള്ളുവാൻ പറങ്കികൾ ഗോവയിലെ ഒരു ഇരുട്ടറയിൽ ഇട്ടുപൂട്ടി. അവിടെ നിന്നും അതിശയകരമാംവണ്ണം രക്ഷപ്പെട്ട് മലങ്കരയിൽ എത്തി പിന്നെയും അപകടസമ്പൂർണ്ണമായ ജീവിതം നയിച്ച് 1597 ൽ ദുഃഖപൂരിതമായിരുന്ന അദ്ദേഹത്തിന്റെ ജീവിതം അവസാനിച്ചു. 1490 മുതൽ 1597 വരെ നാലു നെസ്തോറിയാ മെത്രാൻരെ ചരിത്രം രേഖപ്പെടുത്തിയിട്ടുള്ളതിൽ നലാമനാണിദ്ദേഹം. ബാക്കി മൂന്നുപേർ മാർ യാക്കോബ്, മാർ യൌസേഫ്, മാർ ശിമയോൻ ഇവരുടെ കാലമായ 100 ൽ അധികംവർഷം സുറിയാനിസഭ നെസ്തോറിയമായിരുന്നു എന്നുള്ളതിന് പക്ഷാന്തരമുണ്ടാവാനിടയില്ല ഇവരുടെ സന്നിദ്ധാവസ്ഥയിലുള്ള നിലപാട് ഇവർക്കും മലങ്കരസഭയ്ക്കും നാശവും റോമൻകത്തോലിക്കരുടെ ഉദ്ദേശസാദ്ധ്യത്തിന് സഹായകവുമായി പരിണമിച്ചു. സുറിയാനിസഭയ്ക്ക് ഇവർ നെസ്തോറിയമായിരുന്നു എന്നുള്ള ബോധം ഉണ്ടായിരുന്നതായി തോന്നുന്നില്ല. ഇവരെ പാത്രയർക്കീസിന്റേയോ, കാസോലിക്കായുടെയോ പ്രതിനിധികൾ എന്നു മാത്രമെ സുറിയാനിക്കാർ വിശ്വസിച്ചിരുന്നുള്ളു.

ഇട്ടിതൊമ്മൻ കത്തനാരുടെ മരണശേഷം റാന്നി, തലവടി, വള്ളംകുളം മുതലായ സ്ഥലങ്ങളിൽ നിന്നും ഈ ഇടവക്കാരായ പല പട്ടക്കാരും ഈ പള്ളി ഭരിച്ചിരുന്നു. വള്ളംകുളം സ്വദേശിയായ പവ്വാറെ അച്ചൻ കല്ലിശ്ശേരിയിൽ വന്നു താമസിച്ച് കുറെക്കാലം ഈ പള്ളിഭരണം നടത്തിയിട്ടുണ്ട് കല്ലിശ്ശേരിയുടെ കിഴക്ക് ഭാഗത്ത് വരട്ടാറിന് സമീപം മാളിയേക്കലച്ചൻ എന്നൊരു അച്ചൻ ഉണ്ടായിരുന്നതായും അദ്ദേഹം വസൂരിദീനം പിടിപെട്ട് മരണമടഞ്ഞതായും ഒരു ഐതിഹ്യമുണ്ട്. എന്നാൽ മാർ ദിവന്നാസിയോസ് നാലാമന്റെ (ചേപ്പാട്ടു മെത്രാൻ) കാലംവരെ ഏതേത് പട്ടക്കാർ എത്രകാലം ഭരിച്ചിരുന്നു എന്നുള്ളതിന് ശിഥിലങ്ങളായ ഐതീഹങ്ങളല്ലാതെ ശരിയായ ചരിത്രരേഖകൾ ഒന്നും നമ്മുടെ പള്ളിയിൽ നിന്നോ മറെറവിടെയെങ്കിലും നിന്നോ ലഭ്യമായിട്ടില്ല.

രാമങ്കേരി മുതൽ റാന്നി വരെയുള്ള ക്നാനായക്കാർ ഈ പള്ളി ഇടവകക്കാരായിരുന്നു എന്ന് മുൻപ് പ്രസ്താവിച്ചിരുന്നല്ലോ. ഇന്നത്തെപ്പോലെ സഞ്ചാര സൗകര്യങ്ങൾ ഇല്ലാതിരുന്നതിനാൽ റാന്നി നിവാസികളായ ജനങ്ങൾക്ക് അവരുടെ ആത്മീയദിഷ്ടാതികൾ ഇവിടെവന്ന് നടത്തിക്കുന്നത് ദുഷ്ക്കരമായിതോന്നിയതിനാൽ അവരുടെ സൗകര്യാർത്ഥം 1742 ൽ ഒരു പള്ളിസ്ഥാപിച്ച് ഇവിടെ നിന്നും ഇടവകമാറി. റാന്നിയിലും സമീപ സ്ഥലത്തെങ്ങും ഒരു ക്രിസ്തീയ ആരാധനസ്ഥലം ഇല്ലാതിരിക്കെ ഇദംപ്രഥമമായിട്ടുണ്ടായതാണ് റാന്നി വലിയപള്ളി. 1810 ാം ആണ്ട് ഇടയ്ക്ക് മലയാളത്ത് വന്ന പ്രസിദ്ധ സി. എം. എസ്സ്. മിഷ്യനറിയായ ക്ലാഡിയസ് ബുക്കാനാന് ഒരു മലയാള കൈ എഴുത്ത് വേദപുസ്തകം മലങ്കരയിൽ പലസ്ഥലത്തും അന്വേഷിച്ചിട്ടും കിട്ടാതിരുന്നത് റാന്നി വലിയ പള്ളിയിൽ നിന്നാണ് ലഭിച്ചത്. പ്രസ്തുത പുസ്തകം ഈ പള്ളിയിൽ സൂക്ഷിച്ചിരുന്നതും റാന്നിയിലേക്ക്

ഇടവക മാറിയ സമയം കൊണ്ടുപോയിട്ടുള്ളതുമാണെന്ന് പറയപ്പെടുന്നു. ഈ കൈയെഴുത്തു പുസ്തകം ഇന്നും ലണ്ടനിൽ സൂക്ഷിക്കപ്പെട്ടിരിക്കുന്നു എന്നുള്ളത് നമുക്ക് എത്രയോ അഭിമാനകരമാണ്.

19 ാം ശതകാരംഭത്തിൽ സി. എം. എസ്. കാരുമായി സുറിയാനി സമുദാത്തിനുണ്ടായ വേഴ്ച വളരെ ശുഭപ്രതീക്ഷകളോടെയായിരുന്നു. എന്നാൽ മാർ ദിവന്ന്യാസിയോസ് 4 ാ മനും (ചേപ്പാട്ടു മെത്രാൻ 1825 മുതൽ 1855 വരെ) മിഷ്യനറിമാരുമായിട്ടുള്ള അഭിപ്രായവ്യത്യാസങ്ങൾ ഒന്നിനൊന്നു വർദ്ധിക്കുകയാൽ പലകുഴപ്പങ്ങൾക്കും കാരണമായി. ഈ കുഴപ്പങ്ങൾ വർദ്ധിച്ചു വന്നകാലത്താണ് പാലക്കുന്നത്ത് മാർ മാത്യൂസ് അത്തനാസിയോസ് മെത്രാൻ അന്ത്യോഖ്യാ പാത്രയർക്കീസായ മാർ ഏലിയാസ് ദ്വിതീയനാൽ അഭിഷിക്തനായി മലയാളത്തു വന്നുചേർന്നത് (1843) അദ്ദേഹം വന്നതുമുതൽ സുറിയാനിക്കാർ രണ്ട് അഭിപ്രായക്കാരായിതീർന്നു തൻമൂലം അദ്ദേഹത്തെപ്പററി പല പരാതികളും സിംഹാസനത്തിങ്കൽ എത്തി. ഈ പരാതികളുടെ നിജസ്ഥിതിയെപ്പററി അന്വേഷിക്കുന്നതിനും, അവശ്യം വേണ്ടതുപ്രവർത്തിക്കുന്നതിനുമായി മാർ യോയാക്കീം കൂറിലോസ് ബാവായെ മലയാളത്തേക്ക് അയച്ചു. അദ്ദേഹം 1846 ൽ ഇവിടെ വന്നു ചേർന്നുഎങ്കിലും മിഷനറിമാരുടെ കുത്തിത്തിരിപ്പുമൂലം റസിഡന്റും, തിരവിതാംകൂർ, കൊച്ചി രാജാക്കൻമ്മാരും അദ്ദോഹത്തിന് എതിരായിത്തീർന്നു. അത് മാർ മാത്യൂസ് അത്താനാസിയോസിന്റെ പ്രേരണമൂലവും അദ്ദേഹത്തിന്റെ തല്പര്യസംരക്ഷണത്തിനുമായിരുന്നു.

1835 ൽ മലയാളം സന്ദർശിച്ച കൽക്കട്ടാ ബിഷപ്പ് വിൽസന്റെ അഭിപ്രായാനുസരണം സുറിയാനിക്കാരുടെ കുർബ്ബാന തക്സാ തിരുത്തി എഴുതാൻ സി. എം. എസ്. കാർ ശമ്പളം കൊടുത്ത് നാലു സുറിയാനി പട്ടക്കാരെ ഏല്പിച്ചു. തിരുത്തിയ തക്സാവെച്ച് കുർബ്ബാന ചൊല്ലാൻ തിരുത്തിയവരിൽ തന്നെ മൂന്നുപേരും വിസമ്മതിച്ചു. എന്നാൽ അതുവെച്ച് സങ്കോചലേശമെന്യേ കുർബ്ബാന ചൊല്ലാൻ മുതിർന്നത് പാലക്കുന്നത്ത് അബ്രഹാം മല്പാനാണ്. അദ്ദേഹവും അനന്തിരവനായ മാർ മാത്യൂസ് അത്താനാസിയോസും മിഷ്യനറിമാരും ചുരുക്കം ജനങ്ങളും ഒരു ഭാഗത്തും, മാർ ദിവന്നാസിയോസ് നാലാമനും, മാർ കൂറിലോസും, ഭൂരിപക്ഷം ജനങ്ങളും മറുഭാഗത്തുമായിട്ടായിരുന്നു അന്നത്തെ നിലപാട്. ഈ സന്ദർഭത്തിൽ നമ്മുടെ പള്ളി ഭരിച്ചിരുന്ന പ്രസിദ്ധനായ ചെമ്പകശ്ശേരിൽ അച്ചൻ (കടവിൽ അബ്രഹാം കത്തനാർ) മാർ അത്താനാസിയോസ് ഭാഗത്തെ ഉറച്ച കക്ഷിയായി വർത്തിച്ചുവന്നു.

ഈ കത്തനാരുടെ പിതാവ് റാന്നി കണ്ണാത്തുമുറി കുടുംബക്കാരനും, ആദ്യകാലത്ത് അവിവാഹിതനായ ഒരു പട്ടക്കാരനുമായിരുന്നു. അദ്ദേഹം കല്ലിശ്ശേരി പള്ളിവക കടവിലുള്ള മാളികയുടെ മേൽതട്ടിൽ സന്യാസജീവിതം നയിച്ചുകൊണ്ട് പള്ളിഭരണംനടത്തിവന്നു. അതിനുമുൻപുമുതലെ മിഷ്യനറിമാർ സുറിയാനിസഭയിൽ അനാവശ്യമായി കൈകടത്തി പല മാററങ്ങളും വരുത്തിക്കുട്ടിയിരുന്നു. അക്കൂട്ടത്തിൽ അവിവാഹിതരായ എല്ലാസുറിയാനി പട്ടക്കാരും വിവാഹം ചെയ്തേ മതിയാവൂ എന്ന് ശാഠ്യം പിടിച്ചു. അന്നത്തെ സ്ഥിതിക്ക് അവരോട് എതിർക്കുന്നതിനും നിവൃത്തിയില്ലായിരുന്നു. പല സുറിയാനി പട്ടക്കാരും വിവാഹം ചെയ്തകൂട്ടത്തിൽ നമ്മുടെ സന്യാസി പട്ടക്കാരനും ഏതാണ്ട് അറുപതിനോടടുത്ത പ്രായത്തിൽ ഒരു വിധവയെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് ഒരു പുത്രനും രണ്ടു പുത്രിമാമാരും ജനിച്ചു. ഈ പുത്രനാണ് മേൽപ്പറഞ്ഞ കടവിൽ അബ്രഹാം കത്തനാർ.

അദ്ദേഹത്തിന്റെ പിതാവായ വല്യച്ചന്റെ പിൻഗാമിയായിരിക്കത്തക്കവണ്ണം റാന്നിയിൽ നിന്നും കൈപ്പുഴ കുടുംബക്കാരനായ ഒരു പട്ടക്കാരനും ഇവിടെ വന്നുചേർന്നു. വല്യച്ചൻ അവിവാഹിതനാകയാൽ അദ്ദേഹത്തിന്റെ കാലശേഷം ലൗകീക സമ്പാദ്യങ്ങൾക്കു കൂടി അവകാശിയാകാമായിരുന്ന ആ പട്ടക്കാരനെ, ചെമ്പകശ്ശേരി വീടിന്റെ വടക്കേതിൽ താമസിപ്പിച്ചു. അദ്ദേഹമാണ് മേലയിൽ കോരയച്ചൻ. മിഷ്യനറിമാരുടെ നിർബ്ബന്ധത്താൽ വിവാഹംക്കഴിക്കുകയും മക്കൾ ഉണ്ടാകുകയും ചെയ്തതിനാൽ സന്യാസി വല്യച്ചന്റെ സംമ്പാദ്യങ്ങൾ മേലയിൽ കത്തനാർക്ക് ലഭിക്കാൻ ഇടയായില്ല. കോരയച്ചനും, സന്യാസിയച്ചന്റെ മകൻ അവിവാഹിതനായിരുന്ന കൊച്ചച്ചനും ഈ പള്ളിയിൽ തവണമുറയ്ക്ക് കർമ്മാനുഷ്ഠാനങ്ങൾ നടത്തിവന്നു. ഇവർ രണ്ടുപേരും പരമാർത്ഥികളും, ദൈവഭക്തന്മാരുമായിരുന്നു.

പ്രസിദ്ധനായ കടവിൽ അച്ചന് രണ്ടു സഹോദരിമാർ ഉണ്ടായിരുന്നതായി പ്രസ്താവിച്ചല്ലോ. അവരിൽ ഒരാളെ റാന്നി കണ്ണങ്കര കുടുംബത്തിലും, മറ്റെയാളെ പടിഞ്ഞാറേറാതറ തുരുത്തിയിൽ ചാക്കോ എന്നയാളും വിവാഹംക്കഴിച്ചു. പ്രസ്തുത ചാക്കോയുടെ മൂത്തമകനു ശെമ്മാശു പട്ടം കൊടുത്തിരുന്നു. കടവിലച്ചന്റെ അനന്തരവനായ അദ്ദേഹം പടിഞ്ഞാറ്റോതറ താമസിയ്ക്കുന്നത് അസൗകര്യമായി തോന്നുകയാൽ ചെമ്പകശ്ശേരി പുരയിടത്തിന്റെ പടിഞ്ഞാറെ ഭാഗം വെട്ടിത്തിരിച്ച് ശെമ്മാശനെയും മററും അവിടെ താമസിപ്പിച്ചു. ആ ഭാഗമാണ് പുളിമൂട്ടിൽ പുരയിടം. ഈ ശെമ്മാശ്ശനാണ് പിൽക്കാലത്ത് പുളിമൂട്ടിലച്ചൻ എന്നറിയപ്പെട്ടിരുന്നത്.

പുളിമൂട്ടിൽലച്ചൻ (ഏബ്രഹാം കത്തനാർ) കടവിലച്ചന്റെ അനന്തരവൻ ആയതുകൊണ്ട് സി. എം. എസ്സ്. കാരോടും മാർ മാതൂസ് അത്താനാസിയോസിനോടും കാർണവർക്കുള്ള കൂട്ടുകെട്ടിൽ ഉൾപ്പെടുവാൻ സാദ്ധ്യത ഉണ്ടെന്നു കണ്ട് മേൽപ്രകാരമുള്ള മമതാബന്ധങ്ങൾ ഇല്ലാത്ത ഒരു പട്ടക്കാരൻ ആവിശ്യമാണെന്നുകരുതി മാന്നാത്തു തുണ്ടിയിൽ തോമ്മാ എന്നൊരാൾക്ക് പട്ടം കൊടുപ്പിച്ചിരുന്നു. പിൽക്കാലം അദ്ദേഹം മാന്നാത്തച്ചൻ എന്നറിയപ്പെട്ടിരുന്നു.

മാർ മാത്യൂസ് അത്താനാസിയോസ് 1843 ൽ മലയാളത്തു തിരിച്ചെന്നത്തിയപ്പോൾ മലങ്കര ഭരണം നടത്തിവന്നിരുന്ന ചേപ്പാട്ടു മെത്രാൻ ഭരണം ഒഴിഞ്ഞുകൊടുക്കാതിരുന്നതിനാൽ ഏകദേശം 10 കൊല്ലത്തോളം അവർ തമ്മിലുള്ള മത്സരം നീണ്ടുനിന്നു. അവസാനത്തിൽ മിഷ്യനറിമാരുടെയും, റസിഡന്റിന്റെയും പ്രബലമായ സഹായം നിമിത്തം മാർ അത്താനാസിയോസ് യഥാർത്ഥ മെത്രാനാണെന്നും എല്ലാവരും അദ്ദേഹത്തെ അനുസരിച്ചു നടന്നുകൊള്ളണമെന്നും മററും കാണിച്ച് 1852 ൽ തിരുവെഴുത്തു വിളംബരം ഉണ്ടായി. പിന്നീടുള്ള അദ്ദേഹത്തിന്റെ 22 കൊല്ലത്തെ ഭരണം സർവ്വാധിപതിയായിട്ടായിരുന്നു. തന്മൂലം സുറിയാനിസഭയിൽ സ്ഥായിയായ പല കുഴപ്പങ്ങൾക്കു കാരണമായെങ്കിലും അദ്ദേഹത്തിന് ബ്രിട്ടീഷ് റസിഡന്റിന്റെയും, തിരുവിതാംകൂറിലെയും, കൊച്ചിയിലെയും ഉയർന്ന സർക്കാർ ഉദ്യോഗസ്ഥൻമ്മാരുടെയും പക്കൽ ഉണ്ടായിരുന്ന വലിയ സ്വാധീനശക്തി അക്കാലത്തെ ഏതാനും സാമൂഹ്യ മർദ്ദനങ്ങളിൽനിന്നും, നിഷ്ഠൂരതകളിൽ നിന്നും സുറിയാനി സമുദായത്തെ രക്ഷിക്കുന്നതിന് പലപ്പോഴും വിജയകരമായി പ്രയോഗിച്ചിരുന്നു.

മാർ ദിവന്ന്യാസിയോസ് നാലമന് നിർവ്വാഹമില്ലാതെ വന്നതിനാൽ ഭരണകാര്യങ്ങളിൽനിന്നും വിരമിച്ച് സ്വന്തം ഇടവകയായ ചേപ്പാട്ടു പള്ളിയിൽ വിശ്രമ ജീവിതം നയിച്ച് 3 കൊല്ലംകൂടി ജീവച്ചിരുന്നശേഷം 1855 ൽ കാലം ചെയ്തു. ചേപ്പാട്ടുപള്ളിയിൽ യഥാവിധി സംസ്ക്കരിക്കപ്പെട്ടു.

കടവിൽ ഏബ്രഹാം കത്തനാർക്ക് മാർ മാതൂസ് അത്താനാസിയോസിനോടും, സി. എം. എസ്സ്. മിഷ്യനറിമാരോടുമുണ്ടായിരുന്ന ദൃഡമായ വേഴ്ച മൂലം അദ്ദേഹത്തിന്റെ വിശ്വാസരീതികൾക്ക് മാററം ഭവിക്കുകയാൽ ഇടവകക്കാരുമായി അഭിപ്രായവ്യത്യാസമുണ്ടാകുവാൻ ഇടയായി. ആയത് ക്രമേണ വർദ്ധിച്ച് കൊല്ലവർഷം 1040 ാം ആണ്ടിടയ്ക്ക് മൂർധന്യാവസ്ത പ്രാപിച്ചതിന്റെ ഫലമായി പല കേസ്സുകളുത്ഭവിച്ചു. അച്ചന്റെ കൈവശത്തിലിരുന്ന പള്ളിസാമാനങ്ങൾ ഇടവകക്കാർ കൈവശപ്പെടുത്തി എന്നുള്ളതുസംബന്ധിച്ച് അച്ചൻ കൊടുത്തിരുന്ന കേസ്സ് തള്ളിപ്പോയി, വെളിച്ചെണ്ണക്കേസ്സെന്ന് ഇന്നും പ്രായമുള്ളവർ പറഞ്ഞുവരുന്നതും അച്ചൻ വാദിയായി കൊടുത്തിരുന്നതുമായ കേസ്സിലെ ഒരു പ്രതിയും വെളിച്ചെണ്ണ ഭരണിയുടെ താക്കോൽക്കാരനുമായിരുന്ന കുര്യക്കൽ തോമ്മാ ഇട്ടിയവരാച്ച്ക്ക് '5' രൂപാ പിഴ വിധിയുണ്ടായെങ്കിലും അപ്പീലിൽ ആ ശിക്ഷ അസ്ഥിരപ്പെട്ടു. കൂടാതെ ഇടവകക്കാരായ 42 പേരെ പ്രതിചേർഞ്ഞ് അച്ചൻ മറെറാരു കേസും കൊടുത്തിരുന്നു. ഈ പ്രതികൾ ഏതാനും ദിവസം കൊല്ലത്ത് തടവിൽ കിടക്കേണ്ടതായിവന്നുവെങ്കിലും അവസാനം പ്രതകളെയെല്ലാം വെറുതെവിട്ടു.

കടവിൽ ഏബ്രഹാം കത്തനാരും ഇടവകക്കാരുമായിയുള്ള സകല കേസ്സുകളിലും ഇടവക്കാർക്കുവേണ്ടി ഊർജ്ജിതമായി പ്രവർത്തിച്ചിരുന്നത് പടിഞ്ഞാറെപ്പുരയ്ക്കൽ 'കൊച്ചു ചാക്കോ' എന്നറിയപ്പെട്ടിരുന്ന വ്യക്തിയായിരുന്നു. ജൻമ്മനാ ഊർജ്ജസ്വലനും, സമർത്ഥനുമായിരുന്നു. ഇദ്ദേഹം തന്റെ 24 ാമത്തെ വയസ്സ് മുതൽ പള്ളിക്കലഹത്തിൽ ഇടവകക്കാർക്ക് സുധീരമായ നേതൃത്വം നൽകിക്കൊണ്ടിരുന്നു. എല്ലാക്കേസുകളിലും അദ്ദേഹത്തിന്റെ ഭാഗം ജയിച്ചുവെങ്കിലും വിധിവൈപരീത്യത്താൽ തന്റെ 33 ാം മത്തെ വയസ്സിൽ അദ്ദേഹം നിര്യാതനായി.

കടവിൽ ഏബ്രഹാം കത്തനാർ എടത്വായിൽ പുരാതനമായ പുത്തൻപുരയ്ക്കൽ കുടുംബത്തിൽനിന്നും വിവാഹംചെയ്തു. അദ്ദേഹത്തിന് മൂന്നു പുത്രൻമ്മാരുണ്ടായിരുന്നതിൽ തന്റെ പിൻഗാമിയായിരിക്കത്തക്കവണ്ണം മൂന്നാമത്തെ പുത്രന് ശെമ്മാശുപട്ടംകൊടുപ്പിച്ചിരുന്നു. അദ്ദേഹം കശ്ശീശ്ശാപട്ടമേററ് പുത്തൻകുർബ്ബാന ചൊല്ലാറായസമയം ഇടവക്കാരം, അച്ചനുമായുള്ള മൽസരം മൂർദ്ധന്യാവസ്ഥയെ പ്രാപിച്ചിരുന്നതിനാൽ ഈ പള്ളിയിൽ പുത്തൻ കുർബ്ബാന ചൊല്ലുന്നതിനോ തുടർന്നു പള്ളിഭരണം നടത്തുന്നതിനോ ഇടയായില്ല.

ഇതിനുമുൻമ്പുതന്നെ മലങ്കരസുറിയാനിക്കാരിൽ ഒരുവലിയ പങ്കിന്റെ ആഗ്രഹമനുസരിച്ചും കോട്ടയത്ത് ഇടവഴിക്കൽ വല്യച്ചന്റെ പ്രത്യേക ഉത്സാഹത്തിലും കുന്നങ്കുളത്ത് പുലിക്കോട്ടിൽ ജോസഫ് കശ്ശീശ്ശായെ ശീമയ്ക്കയച്ച് മാർ ദിവന്ന്യാസിയോസ് 5 ാം മൻ എന്ന അഭിധാനത്തിൽ മെത്രാൻ സ്ഥാനാഭിഷിക്തനായി 1865 ൽ തിരിച്ചുവരുത്തിയിരുന്നു. മാർ മാതൃൂസ് അത്താനാസിയോസിൽ നിന്നും ഭരണം വിടർത്തിയെടുക്കാൻ ഏതെല്ലാം മാർഗ്ഗങ്ങളിൽക്കൂടി ശ്രമിച്ചിട്ടും 8 കൊല്ലത്തേക്ക് യാതൊരു ഫലവും ഉണ്ടാകാതെവന്നതിനാൽ പാത്രിയർക്കീസിന്റെ പേർക്ക് സകല വിവരങ്ങളുംകാണിച്ച് അനേകം അപേക്ഷകൾ അയച്ചതിന്റെ ഫലമായി പരിശുദ്ധ പത്രോസ് തൃതിയൻ തിരുമേനി ലണ്ടനിൽ എഴുന്നെള്ളി വിക്റേറാറിയ രാജ്ഞിയെ സന്ദർശിച്ച് വിവരങ്ങൾ ധരിപ്പിച്ചതിനു ശേഷം 1875 ൽ മലങ്കരെ എത്തി. നേരെ തിരുവനന്തപുരത്തു ചെന്ന് മഹാരാജാവു തിരുമനസ്സിനെക്കൊണ്ട് വിളംബരം പിൻവലിപ്പിക്കുകയും മുളൻന്തുരുത്തി പള്ളിയിൽവെച്ച് 1876 ൽ ഒരു സുന്നഹദോസ് വിളിച്ചുകൂട്ടുകയും ചെയ്തു. മാർ ദിവന്ന്യാസിയോസിയോസ് 5 ാം മനെ മലങ്കര മെത്രാപ്പോലീത്തായായി സ്ഥിരപ്പെടുത്തുകയും അദ്ദേഹത്തിനു സഹായികളായി 6 മെത്രാൻന്മാരെ വാഴിച്ചാക്കുകയും ചെയ്തു, കൂടാതെ മലങ്കരഅസോസിയേഷൻ സ്ഥാപിക്കുകയും ചെയ്തു. ഏകദേശം രണ്ടുകൊല്ലം അദ്ദേഹം മലയാളത്ത് താമസിച്ചുവെങ്കിലും മാർ അത്താനാസിയോസുമായി അഭിമുഖമായി കാൺന്മാൻ സാധിച്ചില്ല.

ഈ അവസരങ്ങളിലെല്ലാം മാർ മാതൃൂസ് അത്താനാസിയോസിന്റെ വിശ്വസ്തമിത്രവും,, ആലോചനക്കാരനും, സഹായിയുമായിരുന്നത് കടവിൽ അബ്രഹാം കശ്ശീശ്ശയായിരുന്നു. ഇദ്ദേഹം കാഴ്ചയിൽ സുമഖനും ആരോഗ്യദൃഢഗാത്രനും, അനിതരസാധാരണമായ വ്യക്തിമഹാത്മ്യമുള്ള ആളുമായിരുന്നു.

1877 ൽ ബാവാതിരുമേനി തിരിച്ചെഴുന്നള്ളി. ഏറെതാമസിക്കാതെ കടവിലച്ചൻ സുഖക്കേടുമൂലം കിടപ്പിലായതിനാൽ മാന്നാത്ത് തുണ്ടിയിൽ തോമ്മാകത്തനാർ വികാരിയായി നിയമിക്കപ്പെട്ടു. പുളിമൂട്ടിലച്ചൻ സഹായപട്ടക്കാരനായി തുടരുകയും ചെയ്തു.

പാത്രയർക്കീസ് ബാവായുടെ വരവ് മാർ അത്താനാസിയോസിനെ എന്നവണ്ണംതന്നെയോ, അതിലുമധികമായോ നമ്മുടെ കടവിലച്ചനേയും പ്രതികൂലമായി ബാധിച്ചു. പിന്നീട് ഈ സമുദായത്തിലോ,ു ഇടവകജനങ്ങളോടുതന്നെയോ ചേർന്നുപോകണമെന്നുള്ള ആഗ്രഹം അദ്ദേഹത്തിനോ, കുടുംബാംഗങ്ങൾക്കോ അശേഷമുണ്ടായിരുന്നില്ല. ബാവതിരുമനസ്സുകൊണ്ട് തിരിച്ചെഴുന്നെള്ളിയതിന്റെ 6 ാം വർഷം ബഹുമാന്യനായ അച്ചനും ചരമമടഞ്ഞു. ശത്രുതയും അതിനോടനുബന്ധിച്ചു പല കേസ്സുകളും ഒക്കെ ഉണ്ടായിരുന്നിട്ടും നമ്മുടെ അസ്ഥിയിൽനിന്ന് അസ്ഥിയും, മാംസത്തിൽ നിന്നും മാംസവുമായ ബഹുമാന്യനായ അച്ചന്റെ ദീർഘകാല സേവനത്തെയും സ്മരിച്ച് നമ്മുടെ പള്ളിയിൽ തന്നെ അദ്ദേഹത്തെ അടക്കം ചെയ്തു.

1871 ൽ തുരുത്തിക്കാട്ടു പള്ളിക്കാർ ഇവിടെനിന്നും ഇടവകപിരിഞ്ഞു പോയിരുന്നു. ആ പള്ളിയിൽ ദീർഘാകാലം ഭരിച്ചിരുന്ന വന്ദ്യവയോവൃദ്ധനായ കൊന്നയ്ക്കൽ യാക്കോബ് കശ്ശീശാ 100 ാം മത്തെ വയസ്സിന് ഏതാനും ദിവസങ്ങൾക്കു മുൻപാണല്ലോ പരലോകപ്രാപ്തനായത്.

പുലിക്കോട്ടു തിരുമേനി ദീർഘകാലം ഭരിച്ചു ആക്കാലം സഭയുടെ സുവർണ്ണദശതന്നെയായിരുന്നു. ആദ്യം അദ്ദേഹത്തിന്റെ സെക്രട്ടറിയായിരുന്നത് മാലിത്ര ഏലിയാസ് കശ്ശീശ്ശയായിരുന്നു. പിന്നീട് ശ്രീ. ഇ. എം. ഫിലിപ്പ് സെക്രട്ടറിയായി നിയമിക്കപ്പെട്ടു. അദ്ദേഹം തിരുമേനിയുടെ മരണപര്യന്തം സെക്രട്ടറിയായും പ്രധാന ആലോചനക്കാരനുമായി വർത്തിച്ചിരുന്നു. പുലിക്കോട്ടു തിരുമേനിയുടെ കാലത്ത് നമ്മുടെ പള്ളി നിരണം ഭദ്രാസനം

ഇടവകയിൽപെട്ട് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായുടെ (പരുമല തിരുമേനി) ഭരണത്തിലായിരുന്നു. ആ തിരുമേനിക്ക് ഈ ഇടവകയെ സംബന്ധിച്ച് അതിരററ വാൽസല്യമുണ്ടായിരുന്നു.

രണ്ടു പട്ടക്കാർ (മാന്നാത്തച്ചനും, പുളിമൂട്ടിലച്ചനും) മാത്രം അന്നത്തെ സ്ഥിതിക്ക് കല്ലിശ്ശേരി പള്ളിക്ക് അശേഷം മതിയാകാതെയിരുന്നതിനാൽ ഒരാൾക്കുകൂടി പട്ടംകൊടുക്കേണ്ടത് അത്യാവിശ്യമായിരുന്നതുകൊണ്ട് താമരപ്പള്ളിൽ കുരുവിള കൊച്ചുതൊമ്മൻ അവർകളുടെ തൃതീയ പുത്രൻ ബാല്യത്തിൽ കുഞ്ഞിട്ടിയവരാ എന്ന് വിളിച്ചുവന്നിരുന്ന അബ്രഹാമിന് പുലിക്കോട്ടുതിരുമേനി ശെമ്മാശൻ പട്ടം കൊടുത്തു.

ഇദ്ദേഹം 1871 ൽ ഭൂജാതനായി ബാല്യ വിദ്യാഭ്യാസം സ്ഥലത്തുതന്നെ നിർവ്വഹിച്ചശേഷം അക്കാലത്ത് ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന് പോവുക സർവ്വസാധാരണമല്ലാതെയിരുന്നിട്ടും തുകലശ്ശേരി സി. എം. എസ്. ബംഗ്ലാവിൽ ചേർന്ന് ഇംഗ്ലീഷ് വിദ്യാഭ്യാസം നടത്തി. കോട്ടയത്ത് പഴയ സെമിനാരിയിൽ വട്ടശ്ശേരി മല്പാനച്ചന്റെ കീഴിലാണ് അദ്ദേഹം സുറിയാനി വിദ്യാഭ്യാസം പൂർത്തിയാക്കിയത്. നീലംപേരൂർ വരാത്ര കുടുംബത്തിൽനിന്നും വിവാഹംകഴിച്ചിരുന്നുവെങ്കിലും അദ്ദേഹത്തിന്റെ പുത്തൻ കുർബ്ബാന ചൊല്ലുന്നതിന് ഏതാനും ദിവസങ്ങൾക്കു മുൻമ്പ് ആ സ്ത്രീരത്നം ചരമഗതിയെ പ്രാപിച്ചു. 1894 ൽ ഇരവിപേരൂരും 1895 ൽ മാന്നാത്തും പള്ളികൾ സ്ഥാപിച്ചു. അവർ ഇടവകപിരിഞ്ഞു. ഇരവിപേരൂര് ആരംഭകാലത്ത് പുളിമൂട്ടിൽ അബ്രഹാം കത്തനാർ ഒന്നിടവിട്ടുള്ള ആഴ്ചകളിൽ കുർബ്ബാനാനുഷ്ഠാനങ്ങൾ നടത്തിവന്നു. ഈ പള്ളിയിലും, മാന്നാത്തു പള്ളിയിലും കർമ്മാദികൾ നടത്തിവന്ന മാന്നാത്തച്ചന്റെ ഇങ്ങോട്ടുള്ള വരവ് താമരപ്പള്ളിപ്പള്ളിയിലച്ചന്റെ ആവിർഭാവത്തോടുകൂടി ക്രമേണ കുറഞ്ഞു തുടങ്ങി. വികാരിക്കടുത്ത സകല ചുമതലകളും താമരപ്പള്ളിയിലച്ചൻ തന്നെ നടത്തിക്കൊള്ളുവാൻ അദ്ദേഹം ചട്ടംകെട്ടിയിരുന്നു. അചിരേണ മാന്നാത്തച്ചൻ രോഗിയായിത്തീരുകയാൽ താമരപ്പള്ളിയിലച്ചൻ തന്നെ വികാരിയായി നിയമിക്കപ്പെട്ടു.

ബഹുമാന്യനായ താമരപ്പള്ളിയിലച്ചന്റെ ദീർഘകാല ഭരണംമൂലം ഈ പള്ളിക്കും, ഇടവകയ്ക്കും പലനേട്ടങ്ങളും ഉണ്ടായിട്ടുണ്ട്. മദ്ബഹായുടെ തെക്കുഭാഗത്തുണ്ടായിരുന്ന മുറിപൊളിച്ച് ഇന്നു കാണുന്ന സ്ഥാലത്ത് മേടയായി പണികഴിപ്പിച്ചതും, 1080 ാം മാണ്ട് പള്ളിയുടെ ഹൈക്കലാ തെക്കും, വടക്കും വീതിയുള്ള വരാന്തസഹിതം വിസ്താരമേറിയ വാതിലുകളും വെച്ച് പരിഷ്ക്കരിച്ച് പണിയിപ്പിച്ചു. ഉദ്ദേശം 12 സെന്റവരുന്ന തേവർതുണ്ടിയിൽ പുരയിടം വിലയ്ക്കു വാങ്ങിയതും. മതുക്കുഴി പുരയിടത്തിന്റെ കിഴക്കുഭാഗം (18.5 സെന്റ്) വാങ്ങി ശവക്കോട്ടയായി ഉപയോഗപ്പെടുത്തി തുടങ്ങിയതും ഇദ്ദേഹത്തിന്റെ കാലത്താണ്. പഴയ വെള്ളിക്കുരിശ് അഴിച്ച് കൂടുതൽ വലിപ്പത്തിലും, ഭംഗിയിലും പണിക്കഴിപ്പിച്ചു. പള്ളിവകയായും, സ്വന്തംവകയായും ഓരോ വിദ്യാലയങ്ങൾ സ്ഥാപിച്ച് കൊച്ചുകുഞ്ഞുങ്ങളുടെ പ്രത്യേകിച്ച് സ്രതീ വിദ്യാഭാസത്തിന് ഉത്തേജനം നൽകി. 1909 ലും 1931 ലും യഥാക്രമം മലങ്കര എഴുന്നള്ളിയ മോറാൻ മാർ ഇഗ്നാത്തിയോസ് അബ്ദുള്ളാ പാത്രയർക്കീസ്, മോറാൻ മാർ ഇഗ്നാത്തിയോസ് ഏലിയാസ് തൃതിയൻ പാത്രയർക്കീസ് എന്നീ തിരുമേനിമാരെ അതികേമമായ വിധം എതിരേററു സ്ഥീകരിച്ച് പല ദിവസം നമ്മുടെ പള്ളിയിൽ താമസിപ്പിച്ച് ഇടവകക്കാർക്കും മററ് ബഹുജനങ്ങൾക്കും അനുഗ്രഹം പ്രാപിക്കാൻ സംഗതിയാക്കി. മദ്ബഹാ പൊളിച്ച് കരിങ്കല്ലും, സിമിന്റുംകൊണ്ടു തന്നെ ഉറപ്പും ഭംഗിയുമുള്ള തരത്തിൽ പണികഴിപ്പിക്കയും ചെയ്തു. പള്ളിവക റിക്കാർഡുകൾ ഒന്നുമില്ലാതിരുന്നതിനാൽ ഇന്നു കാണുന്ന തരത്തിലുള്ള സകല റിക്കാർഡുകളും ശരിപ്പെടുത്തിയത് അദ്ദേഹത്തിന്റെ കാലത്താണ്.



താമരപ്പള്ളിൽ ഏബ്രഹാം കശ്ശീശ

സുവിശേഷപരമായും, സണ്ടേസ്ക്കൂൾ സംബന്ധിച്ചും, സ്ത്രീ സമാജങ്ങൾ സംഘടിപ്പിക്കുന്നതു സംബന്ധിച്ചും അദ്ദേഹം വേണ്ട നിഷ്ക്കർഷചെയ്തിട്ടുണ്ട്. ആണ്ടുതോറും പ്രസിദ്ധ സുവിശേഷ പ്രസംഗകരെ വരുത്തി അനേകവർഷങ്ങൾ പ്രശസ്തമായ നിലയിൽ കൺവൻഷൻ നടത്തിയിട്ടുണ്ട്. പരേതനായ ഇട്ടിതൊമ്മൻ കത്തനാരുടെ ഓർമ്മ മുടങ്ങാതെ ആണ്ടുതോറും നടത്തത്തക്കവണ്ണം വേണ്ട വ്യവസ്ഥ ചെയ്തതും ഇദ്ദേഹമാണ്. താൻ സത്യ യാക്കോബായ വിശ്വാസത്തിൽ അടിയുറച്ച ഒരു വ്യക്തിയായിരുന്നതിനാൽ ഇതര ക്രിസ്തീയ വകുപ്പുകാരുടെ പ്രത്യേകിച്ചും റോമാക്കാരുടെ നുഴഞ്ഞുകയററത്തെ അദ്ദേഹം ശക്തിയുക്തം ചെറുത്തിരുന്നു. ഏതുകൊണ്ട് നോക്കിയാലും രാണ്ടം ഇട്ടിതൊമ്മൻ എന്ന പേരിന് അദ്ദേഹം സവഥാ അർഹനായിരുന്നു. സ്വതസിദ്ധമായ വിശ്വാസസ്ഥൈർര്യവും ആദർശശുദ്ധിയും നിമിത്തം കേർഎപ്പിസ്ക്കോപ്പാ സ്ഥാനംനൽകി ബഹുമാനിച്ചതുംകൂടാതെ അദ്ദേഹത്തെ മാർ ദിയസ്ക്കോറോസ് മെത്രാപ്പോലീത്തായുടെ സഭാപരിവ

ർത്തനത്തിന് ശേഷം ക്നാനായസമുദായത്തിന്റെ പ്രഥമ അഡ്മിനിസ്ട്രേട്ട റായി നിയമക്കുകയും ചെയ്തു.

തുണ്ടിയിൽ തോമ്മാ കത്തനാർ വാതരോഗം നിമിത്തം കിടപ്പിലാകുക യും, പുളിമൂട്ടിൽ അബ്രഹാം കശ്ശീശാ വാർദ്ധിക്യത്തിൽ എത്തിയതിനാലും തനിക്ക് ഒരു സഹായി ആവശ്യമാകയാൽ ഒരാളിനുകൂടി പട്ടംക്കൊടുക്കണ മെന്ന് ബ. താമരപള്ളിലച്ചൻ ആഗ്രയിച്ചു. അതു താമസംവിനാ നിറവേറു ന്നതിന് ഒരു മുഖാന്തിരവും ഉണ്ടായി.

ധനാഢ്യനും ഭക്തനുമായിരുന്ന നെടിയുഴത്തിൽ കൊച്ചുതൊമ്മൻ കുരു വിള അവർകളുടെ കനിഷ്ഠപുത്രൻ കൊച്ചു ലൂക്കോ എന്ന് ചെറുപ്പത്തിൽ വിളിച്ചുവന്നിരുന്ന ബാലന് കലശലായ രോഗം പിടിപെട്ടു പള്ളിയിൽ പല നേർച്ചകളും വഴിപാടുകളും നടത്തിയതുകൂടാതെ ടി ബാലന് പട്ടംകൊടുത്തു കൊള്ളാമെന്ന നേരുകയുംചെയ്തു. അതനുസരിച്ച് 1902 ൽ പുലിക്കോട്ടു മെ ത്രാപ്പോലീത്താ തിരുമനസ്സുകൊണ്ട് ഈ പള്ളിയിൽ എഴുന്നള്ളിയ അവസര ത്തിൽ ലൂക്കോസ് ശെമ്മാശൻ എന്ന അഭിധാനത്തിൽ പട്ടംകൊടുത്തു. അന്ന് അദ്ദേഹത്തോടൊരുമിച്ച് പട്ടം ഏററയാളാണ് ബ. എരണക്കലച്ചൻ എന്നുള്ള തും സ്മരണീയമാണ്.

ലൂക്കോസ് ശെമ്മാശ്ശന്റെ ഇംഗ്ലീഷ് വിദ്യാഭ്യാസം കോട്ടയം എം. ഡി. സെമിനാരിയിലും, സുറിയാനി ഭാഷാഭ്യസനം പഴയസെമിനാരിയിലും നിർവ്വ ഹിച്ച ശേഷം സെറാംമ്പൂർ കോളേജിലും അദ്ദേഹം അദ്ധ്യായനം നടത്തി. വെളിയനാട് മാരങ്കേരിൽ ശ്രീ. കെ. സി. ഉണ്ണിട്ടൻ ബി. എ. യുടെ സീമന്ത പു ത്രി ശ്രീമതി അന്നമ്മയെയാണ് അദ്ദേഹം വിവാഹം ചെയ്തത്. 1918 ൽ മാർ സേവേറിയോസ് തിരുമേനിയിൽ നിന്നും കശ്ശീശ പട്ടമേററ് ഈ പള്ളിയിൽ സഹായപട്ടക്കാരനായി തുടർന്നുവന്നു. അതിനുമുൻപുതന്നെ മാന്നാത്തച്ചൻ



നി. വ. ദി. ശ്രീ ഗീവർഗീസ് മാർ സേവേറിയോസ്

ചരമമടഞ്ഞിരുന്നതിനാൽ മാന്നാർ പള്ളിവികാരിയായി നിയമിക്കപ്പെട്ടു. ക് നാനായ അസോസ്സിയേഷൻ സംബന്ധിച്ചും, ആണ്ടുവരി പിരിവിന് പ്രത്യേ കം ചുമതലപ്പെട്ടും, മാർ സേവേറിയോസ്, മാർ ദിയസ്കോറോസ് എന്നീ തിരുമേനിമാരുടെ സെക്രട്ടറി എന്ന നിലയിലും, റാന്നി എം. എസ്സ്. ഇംഗ്ലീഷ് സ്കൂളിന്റെ പ്രാരംഭകാലത്ത് അതിന്റെ ഹെഡ് മാസ്ററർ എന്നനിലയിലും അദ്ദേഹം സുസ്ത്യർക്കമായ സേവനം അനുഷ്ടിച്ചിട്ടുണ്ട്. 1107 ൽ അദ്ദേഹ ത്തിന് മാർ ഏലിയാസ് തൃതിയൻ പാത്രയർക്കീസ് കോർ എപ്പിസ്ക്കോപ്പാ സ്ഥാനം നല്കി. പ്രാപ്തിയുള്ള ഒരു പട്ടക്കാരൻ എന്നനിലയിൽ ഖ്യാതിനേ ടിയ ഇദ്ദേഹം 1941 ൽ മാതൃസഭയെ ത്യജിച്ച് റോമൻകത്തോലിക്കാ സമുദാ യത്തെ ആശ്ലേഷിച്ചു. ഇദ്ദേഹത്തിന്റെ സമുദായ പരിവർത്തനം സമുദായ ത്തെ പൊതുവേയും പ്രത്യേകിച്ച് ഈ ഇടവകയെയും ബ. താമരപ്പള്ളിലച്ച നെയും വളരെ വേദനിപ്പിച്ചു. കഴിഞ്ഞ ഏതാനും നാളുകളായി വാതരോഗ പീഢിതനായി അദ്ദേഹം സ്വഭവനത്തിൽ കഴിഞ്ഞുകൂടുന്നു.

ദീർഘകാലം ഈ പള്ളിയിൽ സേവനം അനുഷ്ഠിച്ച ഫലിതരസികനും, പരിഷ്കൃതാശയനുമായിരുന്ന പുളിമൂട്ടിലച്ചൻ വാർദ്ധക്യസഹജമായ സുഖ ക്കേടുനിമിത്തം 1088 ൽ ചരമംപ്രാപിച്ചു. യഥാവധി ഈ പള്ളിയിൽ സംസ് കരിക്കപ്പെടുകയും ചെയ്തു.

ക്നാനായ ഇടവകയെ മാർ അബ്ദുള്ളാ പാത്രയർക്കീസ് ബാവ തിരു മനസ്സുകൊണ്ട് 1910 ൽ ഒരു പ്രത്യേക ഭദ്രാസനമാക്കുകയും അതിന്റെ ഭരണ സാരഥ്യം വഹിക്കുന്നതിലേക്കായി മാർ സേവേറിയോസ് തിരുമേനിയെ വട കരപ്പള്ളിയിൽവെച്ച് വാഴിച്ചാക്കുകയും ചെയ്തു. 1910 മുതൽ 1927 വരെ നമ്മുടെ സമുദായത്തെ പ്രശസ്തമായരീതിയിൽ ഭരിച്ചിരുന്ന ഉത്തമഭക്തനും ആദർശസമ്പന്നനും, നിത്യസ്മരണയ്ക്കർഹനുമായിരുന്ന തിരുമേനി 1922 ൽ സമാരംഭിച്ച മാർ സേവേറിയോസ് ഫണ്ടിലേക്ക് ഈ ഇടവകക്കാരായ പല രിൽനിന്നും ഉദാരമായ സംഭാവനകൾ ഉണ്ടായിട്ടുണ്ട്. ആ ഫണ്ടിന്റെ ഉപഭോ ക്താക്കളായ അനവധി യുവാക്കൻന്മാരും ഈ ഇടവകയിൽ ഉണ്ട്.

ഈ അവസരത്തിൽ രണ്ടു പേർക്കുകൂടി പട്ടം കൊടുക്കുന്നതുമായു ള്ള ആലോചനകൾ ബലപ്പെടുകയും പടിഞ്ഞാറെപുരയ്ക്കൽ തോമ്മസ്, കുര്യയ്ക്കൽ ജേക്കബ് എന്നീ രണ്ട് യുവാക്കൾക്ക് അന്ത്യോഖ്യാ പാത്രയർ ക്കീസ് മാർ ഇഗ്നാത്തിയോസ് ഏലിയാസ് തൃതിയൻ തിരുമനസ്സുകൊണ്ട് ഇവിടെയെഴുന്നള്ളി താമസിയ്ക്കുന്ന കാലത്ത്, 1932 ൽ ഈ പള്ളിയിൽ വെച്ച് ശെമ്മാശു പട്ടം കൊടുത്തു. രണ്ടുപേരും ഇംഗ്ലീഷ് വിദ്യാഭ്യാസം സി ദ്ധിച്ചവരും സുറിയാനി ഭാഷയിൽ ജ്ഞാനികളും ആയിരുന്നു. കുര്യക്കൽ ജേക്കബ് ശെമ്മാശൻ അവിവാഹിതനായിരിക്കണമെന്നുള്ള ആഗ്രഹമനുസ രിച്ച് താമസിയാതെ മാർ യൂലിയോസ് മെത്രാപ്പോലീത്തയിൽനിന്നും കശ്ശീ ശ്ശാപട്ടം ഏൽക്കുകയും, താമരപ്പള്ളിലച്ചനോടുകൂടി ലൂക്കോസ് കശ്ശീശാ യും, ജേക്കബ് കശ്ശീശായും സഹായപട്ടക്കാരായിരിക്കുകയും ചെയ്തു.

1902 ൽ കറോട്ടു പള്ളിക്കാരും, 1913 ൽ തെങ്ങേലി പള്ളിക്കാരും ഇവിടെനിന്നും ഇടവകമാറി. മാർ ദിയസ്ക്കോറിയോസ് മെത്രാപ്പോലീത്താ സഭാപരിവർത്തനം ചെയ്തതു മുതൽ അല്പകാലത്തേക്ക് മാർ യൂലിയോ സ് മെത്രാപ്പോലീത്ത ക്നാനായ ഇടവകസംബന്ധമായ കാര്യങ്ങൾ നേരട്ട്

നടത്തിവന്നു. എങ്കിലും സമുദായത്തിന്റെ പൊതുതാല്പര്യമനുസരിച്ച് ബ. താമരപ്പള്ളിൽ അബ്രഹാം കശ്ശീശ ക്നാനായ സമുദായത്തിന്റെ പ്രഥമ അഡ്മിനിസ്ട്രേറ്ററായി നിയമിക്കപ്പെടുകയാൽ ലൂക്കോസ് കശ്ശീശാ വികാരിയാക്കപ്പെട്ടു. ആ നിലയിൽ ഏതാനും നാൾ നടന്നുവരവെയാണ് മേൽപ്രസ്താവച്ച പ്രകാരം അദ്ദേഹം സഭാപരിവർത്തനം ചെയ്തത്.

1928 ൽ തിരുവൻവണ്ടൂരും, 1929 ൽ കുററൂരും ഇടവകപിരിഞ്ഞു. ലൂക്കോസ് കത്തനാരുടെ മാററത്തിനു ശേഷം ബ. കുര്യയ്ക്കൽ ജേക്കബ് കശ്ശീശ വികാരിയായി നിയമിക്കപ്പെട്ടു. അദ്ദേഹം ഭരണമാരംഭിച്ച് ഏതാനുംവർഷങ്ങൾ കഴിഞ്ഞപ്പോൾ അദ്ദേഹത്തിന്റെ കുടുംബത്തിലേക്ക് പള്ളിയിൽ ചില പ്രത്യേക അവകാശങ്ങൾ പൂർവ്വീകമായി ഉണ്ടായിരുന്നത് സ്വമനസ്സാലെ ഉപേക്ഷിക്കണമെന്ന് ഇടവകക്കാർ നിർബ്ബന്ധിച്ചതിൽ ബ. അച്ചൻ വഴിപ്പെടാതിരുന്നതിനാൽ ഇടവകക്കാരും അച്ചനുമായി അഭിപ്രായവ്യത്യാസങ്ങൾ ഉണ്ടായി. ആയതു ക്രമേണ വർദ്ധിച്ചുകൊണ്ടിരുന്നു. ഈ അവസരത്തിലാണ് പടിഞ്ഞാറെപുരയ്ക്കൽ തോമ്മസ് ശെമ്മാശൻ, മാർ യൂലിയോസ് ബാവായിൽനിന്നും കശ്ശീശാപട്ടം ഏററത്. മുൻപുപറഞ്ഞ മൽത്സര്യഭാവത്തിൽ അഞ്ചാറു വർഷങ്ങൾക്കഴിഞ്ഞശേഷമാണ് മാർ ക്ലീമീസ് മെത്രാപ്പോലീത്ത 1951 ൽ സ്ഥാനമേററ് മലയാളത്ത് എത്തിയത്. തിരുമനസ്സുകൊണ്ട് പള്ളിയിൽ ഉണ്ടായ കുഴപ്പങ്ങൾക്കെല്ലാം



നി. വ. ദി. ശ്രീ ഏബ്രഹാം മാർ ക്ലീമീസ്

പരിഹാരം നിർദ്ദേശിച്ചെങ്കിലും ആ തീരുമാനം ബ. കുര്യക്കലച്ചന് സ്ഥീകാര്യമായില്ല. തന്മൂലം ബ. അച്ചൻ വികാരിത്വം ഉപേക്ഷിച്ച് ഏതാനും കാലമായി ബോംബെയിൽ യാക്കോബായ സഭാവക ചില സ്ഥാപനങ്ങളുടെ മേൽനോട്ടം വഹിച്ച് അവിടെതാമസിച്ചുവരുന്നതായി അറിയുന്നു. ബ. കുര്യയ്ക്കൽ അച്ചന്റെ ഭരണകാലത്ത് 1947 ഒക്ടോബർ 25 ാം തീയതി പ്രമേഹരോഗബാധിതനായി അഡ്മിനിസ്ട്രേററർ താമരപ്പള്ളിൽ അബ്രഹാം കോർ എപ്പിസ്ക്കോപ്പാ പരലോകപ്രാപ്തനായി.

മതുക്കുഴി പരയിടത്തിന്റെ പകുതി പടിഞ്ഞാറു ഭാഗം 18.5 സെന്റ് പുരയിടം വിലയ്ക്കുവാങ്ങി നമ്മുടെ പള്ളിമുറിയോടനുബന്ധിച്ച് സൗകര്യാർത്ഥം ഒരു കുശിനി പണിയിച്ചതും, പള്ളിയിൽ ആദ്യമായി ഇലക്ട്രിക്ക് ലൈററുകൾ സ്ഥാപിച്ചതും ബ. കുര്യയ്ക്കലച്ചന്റെ കാലത്താണ്.

ജേക്കബ് കശ്ശീശായുടെ മാററത്തിനുശേഷം അല്പകാലത്തേയ്ക്ക് മെത്രാപ്പോലീത്ത തിരുമനസ്സുകൊണ്ട് തന്റെ സെക്രട്ടറി കൊന്നയ്ക്കൽ മാത്യൂസ് കശ്ശീശായെ ഇവിടെ അയച്ച് പള്ളികാര്യങ്ങളും മററും നടത്തിവന്നു. അതിനു ശേഷം തെങ്ങേലിയിൽനിന്നും കണിയാമ്മാലിൽ തോമ്മസ് കശ്ശീശയെ . ഈ പള്ളിവികാരിയായി നിയമിക്കുകയും, അദ്ദേഹം കുറെനാളുകൾ ഇടവകകാര്യങ്ങൾ ഭംഗിയായി നടത്തിവരികയും ചെയ്തു.

മദ്ബഹാ പൊളിച്ചു പണിതകാലം മുതൽ ഹൈക്കലാകൂടി പൊളിച്ച് പരിഷ്കൃതരീതിയിൽ പണിചെയ്യിക്കണമെന്നുള്ള ഇടവകക്കാരുടെ അഭിപ്രായം പ്രബലപ്പെടുകയും അങ്ങനെ ഹൈക്കലാ പൊളിക്കുന്നതിനും, പണിതീരുന്നതുവരെ സണ്ടേസ്കൂൾ കെട്ടിടത്തിൽ ശുശ്രൂഷകൾ നടത്തുന്നതിന് തീരുമാനിക്കുകയും ചെയ്തു. ഈ സമയത്ത് ബ. കണിയാമ്മാലിൽ അച്ചനെ തിരുമേനിയുടെ പ്രത്യേക ആവിശ്യപ്രകാരം ചിങ്ങവനം സെമ്മിനാരിയിലേക്ക് മാററി പകരം റോമൻ കത്തോലിക്കാസഭയിൽ നിന്നും പുനരൈക്യപ്പെട്ട റാന്നി താഴത്ത് മാത്യൂസ് കശ്ശീശയെ ഈ പള്ളിവികാരിയായി നിയമിക്കുകയും ചെയ്തു. താഴത്തച്ചന്റെ നേതൃത്വത്തിൽ ഹൈക്കലാ പൊളിക്കുകയും തൽക്കാലത്തേക്ക് സണ്ടേസ്കൂൾ കെട്ടിടം പള്ളിയായി ഉപയോഗിക്കുകയും ചെയ്തിരുന്നു. പരിതഃസ്ഥിതികളുടെ പ്രതികൂലംനിമിത്തം താഴത്തച്ചന് റാന്നിയിൽ താമസമാക്കേണ്ടത് ആവിശ്യമായിവരികയാൽ ബ. കുററൂർ മടുക്കുവേലിൽ അബ്രഹാം കശ്ശീശായെ 1956 ൽ ഇവിടേക്ക് നിയമിച്ചു.

അദ്ദേഹത്തിന്റെ ആഗമനം മുതൽ പള്ളിപണി ഉർജ്ജിതമായി നടത്തത്തക്കവണ്ണം വേണ്ട നടപടികൾ ആരംഭിച്ചു. സർവ്വ ശ്രീ. റ്റി. കുരുവിള തോമസ്, കെ. സി. കുരുവിള, റ്റി. ഏബ്രഹാം കൊച്ചുതൊമ്മൻ എന്നിവർ അടങ്ങിയ കമ്മററിക്കാരുടെ ഉൽത്സാഹത്തിൽ പണി പൂർവ്വാധികം ഊർജ്ജിതമാവുകയും ചെയ്തു. ഇടവകാംഗങ്ങൾക്ക് യഥാശക്തി വരിയിടുകയം അതിന്റെ പിരിവു് ത്വരിതപ്പെടുത്താൻ തീരുമാനിക്കയും ചെയ്തതനുസരിച്ച് പകുതിയിലധികം സംഖ്യ കാലവിളംബരമെന്യേ പിരിഞ്ഞുകിട്ടി. 1957 ഫെബ്രുവരി 14 ാം തീയതി മാർ ക്ലീമീസ് മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ട് ഹൈക്കാലായ്ക്ക് ശിലാസ്ഥാപനം നടത്തി. അന്നുമുതൽ മുടക്കം കൂടാതെ പണികൾ നടന്നു. 1958 ആഗസ്റ്റ് 15 ാം തീയതി ആദ്യമായി പുതിയ പള്ളിയിൽ വി.

മൂന്നിൻമേൽ കുർബ്ബാന വന്ദ്യ തിരുമേനിയുടെ പ്രധാന കാർമ്മീകത്വത്തിൽ അർപ്പിച്ചു. ഡക്കാൻ ബാങ്കിന്റെ അധഃപതനം ഈ പള്ളിപണിയെ സാരമായി ബാധിച്ചു എങ്കിലും അതിനെ ഗണ്യമാക്കാതെ ഈ ഇടവകയിലെ ഉദാരമതികളായ ധനാഢ്യൻന്മാർ പള്ളി പണിക്കാര്യത്തിൽ വേണ്ട ഉൽസാഹം ചെലുത്തിയതിന്റെ ഫലമായി ഉദ്ദേശിച്ച സമയത്തുതന്നെ പണിപൂർത്തിയാക്കാൻ സാധിച്ചു. താമരപ്പള്ളി മേടയിൽ കുരുവിള തോമ്മസിനോടുള്ള പ്രത്യേക സ്നേഹബന്ധത്തെ പുരസ്ക്കരിച്ച് ഗവർന്മെന്റ് ആർക്കിടെക്റ്റ് ശ്രീ. കെ. സി. അലക്സാണ്ടറാണ് ഈ പള്ളിയുടെ പ്ലാൻ തയ്യാർ ചെയ്തുതന്നത്. യാതൊരു പ്രതിഫലവും കൂടാതെ അദ്ദേഹം ചെയ്തുതന്ന ഒരു ഉപഹാരത്തിന് അദ്ദേഹത്തോട് ഈ ഇടവകക്കാർ അതീവ കൃതജ്ഞതരാണ്.

മാർ ക്ലീമീസ് തിരുമേനി സ്ഥാനമേററതിനുശേഷം സമുദായത്തിൽ പല പരിഷ്ക്കാരങ്ങൾ നടപ്പാക്കിയ കൂട്ടത്തിൽ ഒരു ഭരണഘടന ഉണ്ടാക്കുകയും അതോടുകൂടി പള്ളിയിൽ ആർക്കെങ്കിലും എന്തെങ്കിലും പ്രത്യേകാവകാശങ്ങൾ ഉണ്ടെങ്കിൽ അവ സ്വയമേവ ഇല്ലാതായിതീരുകയും ചെയ്തു. എല്ലാ പള്ളികളും സമുദായത്തിനുവേണ്ടി തിരുമനസ്സിന്റെ പേർക്ക് എഴുതിക്കൊടുത്ത കൂട്ടത്തിൽ ഈ പള്ളിയും അപ്രകാരം എഴുതിക്കൊടുക്കപ്പെട്ടു. അതോടുകൂടി പള്ളിവക സ്കൂളിന്റെ മാനേജ്മെന്റ് തിരുമേനിയിൽ നിക്ഷിപ്തമായി. സ്കൂൾസംബന്ധമായ കാര്യാദികൾ അപ്പോഴപ്പോൾ നടത്തുന്നതിന് മേലേത്ത് ഇട്ടിയവരാ ഉതുപ്പാനെ കറസ്പോണ്ടറായി നിശ്ചയിക്കുകയും 1957 ഒക്ടോബറിൽ അദ്ദേഹം ചരമമടയുന്നതുവരെ അപ്രകാരം തുടരുകയും ചെയ്തു. അതിനുശേഷം കുരുവിള തോമ്മസിനെ കറസ്പോണ്ടറായി തെരഞ്ഞെടുക്കുകയും അദ്ദേഹം ഇതപര്യന്തം സ്കൂൾ സംബന്ധമായ കാര്യങ്ങൾ ഭംഗിയായി നിർവ്വഹിച്ചുവരികയും ചെയ്യുന്നു.

പൊതുവിലേക്കല്ലാതെ പ്രത്യേകം ഇടവകയ്ക്ക് പട്ടം കൊടുക്കുക എന്നുള്ള ഏർപ്പാട് നിർത്തലാക്കപ്പെടുകയും, പട്ടക്കാർക്ക് ശമ്പളവും, സ്ഥലംമാററവും നടപ്പിലാക്കുകയും ചെയ്തു. ഈ നിലയിൽ ആലുംമ്മൂട്ടിൽ അബ്രഹാമിന് തിരുമേനി 1954 ൽ ശെമ്മാശൻ പട്ടംകൊടുക്കുകയും അദ്ദേഹം താമസിയാതെ കശ്ശീശ പട്ടം ഏൽക്കുകയുംചെയ്തു. അബ്രഹാം കശ്ശീശ ഇപ്പോൾ പുതുതായി സ്ഥാപിച്ച തലവടി പള്ളി വികാരിയും. ചങ്ങനാശ്ശേരിയിലുള്ള കോളേജിൽ ബി. എ. വിദ്യാർത്ഥിയുമാണ്.

ഇപ്പോഴത്തെ ഹൈക്കലാ പുതുക്കിപണിതത് സംബന്ധിച്ച് ഏകദേശം 40000 രൂപയോളം ചിലവായിട്ടുണ്ട്. ഡക്കാൻബാങ്കിൽ നിക്ഷേപിച്ചിരുന്ന സംഖ്യയുടെ കാൽഭാഗം ഭാഗ്യവശാൽ ലഭിക്കാൻ ഇടയായി എങ്കിലും ഏതാനും സംഖ്യ പള്ളിയിൽനിന്നും കടമായി എടുക്കേണ്ടതായി വന്നു. പള്ളിയുടെ ആവിശ്യത്തിലേക്കുള്ള വിചിത്രവർണ്ണങ്ങളുള്ള മറ, വിളക്കുകൾ, ഇലക്ട്രിക്ക് ഫാൻ മുതലായ അകസാമാനങ്ങൾ ഇടവകാംഗങ്ങളായ സ്ത്രീകളുടെ സംഭാവനയാണ്.

പരേതനായ താമരപ്പള്ളിൽ കുരുവിള കൊച്ചുതൊമ്മൻ അവറുകളുടെ പ്രത്യേക ഉത്സാഹത്തിൽ ഉമയാററുകരപള്ളിക്ക് തൊട്ടു കിഴക്കുഭാഗത്തായി 27 സെന്റ് സ്ഥലം സമ്പാദിച്ച് അധഃകൃതരിൽനിന്നും ക്രിസ്താനികളായവർക്ക് ഒരു കെട്ടിടം ഉണ്ടാക്കി ആരാധന നടത്തിവന്നിരുന്നു. ആയത് ഇപ്പോൾ പള്ളിയുടെ ഭരണത്തിൽ ഒരു പ്രൈമറി സ്കൂളായി നടത്തിവരുന്നു.

നെടിയുഴത്തിൽ പരേതനായ കൊച്ചുതൊമ്മൻ കുരുവിള അവർകൾ അദ്ദേഹത്തിന്റെ വക മംഗലം പാടത്തുള്ള വാഴക്കുഴി നിലം (21 സെന്റ്) പള്ളിക്ക് ദാനമായി തന്നിട്ടുള്ളത് ഇന്നും നാം ആണ്ടുതോറും ലേലം ചെയ്ത് പാട്ടം വസൂലാക്കി മുതൽക്കൂട്ടിവരുന്നുണ്ട് അനേകവർഷങ്ങൾക്കു മുൻമ്പ് നടന്ന ശ്ലാഘനീയമായ ഈ ത്യാഗത്തിൽ നാം അദ്ദേഹത്തോട് അതീവ കൃതജ്ഞരാണ്. അടുത്തകാലത്ത് തമരപ്പള്ളി മേടയിൽ ശ്രീ. കുരുവിള തോമ്മസ് അദ്ദേഹത്തിന്റെ വക, കുരിശുംമൂട്ടിൽ തെക്കേമുറി പുരയിടത്തിൽ നിന്നും 1500 രൂപാ വിലപിടിപ്പുള്ള ഉദ്ദേശം 12 സെന്റ് സ്ഥലം പള്ളിക്ക് ദാനമായിക്കൊടുത്തിട്ടുണ്ട്.

ശ്രീ. റ്റി. എ. കൊച്ചുതൊമ്മൻ പരേതനായ തന്റെ സീമന്തപുത്രന്റെ സ്മരണാർത്ഥം ഉദ്ദേശം 10000 രൂപയോളം ചെലവുചെയ്ത് മനോഹരമായി പണിചെയ്തിട്ടുള്ള സണ്ടേസ്ക്കൂൾ കെട്ടിടം ഈ പള്ളിക്കായി വിട്ടുതന്നിട്ടുള്ളത് കൃതജ്ഞതാനിർഭരമായി, ഇടവകക്കാർ എന്നാളും സ്മരിക്കുന്നതാണ്.



സണ്ടേസ്ക്കൂൾ കെട്ടിടം

പരേതനായ പള്ളത്ര ശ്രീ. പി. പി. ഫിലിപ്പ് (കുഞ്ഞൂഞ്ഞ്) ഈ പള്ളിപണി ആവിശ്യത്തിനായി സസന്തോഷം 1000 രൂപാ സംഭാവനചെയ്തിട്ടുള്ള സംഗതിയും ഈ അവസരത്തിൽ സ്മരണീയമാണ്.

പൂർവ്വകാലം മുതലെ ഈ പള്ളിയിലെ പ്രധാനപെരുന്നാൾ മൂന്നുനോമ്പ് വീടുമ്പോഴാണ് നടത്തിവരുന്നത്. അതോടനുബന്ധിച്ച് മുൻപ് വെച്ചൂട്ട് നടത്തിവന്നിരുന്നു. ആ വകയ്ക്ക് പള്ളിവക വാർപ്പ്, ചെമ്പ്, ഭരണികൾ, കോരിക മുതലായ സാമാനങ്ങൾ ഉണ്ടായിരുന്നതും, അക്കാലത്ത് ഈ സദ്യവകയ്ക്ക് ഓരോ കരക്കാരും ഇന്നയിന്ന സാധനങ്ങൾ കൊണ്ടുവരണമെന്നും നിബന്ധനയുണ്ടായിരുന്നതുമാണ്. അക്കാലത്തും പള്ളിക്ക് പലരും പല സംഭാവനകൾ ചെയ്തിട്ടുണ്ട്. ഇന്നും ഈ പള്ളിയിൽ വെളിച്ചെണ്ണ ഒഴിച്ചു കത്തിക്കുന്ന വലിയ വിളക്ക് രാമങ്കരി കോന്ത്യാപറമ്പിൽ വീട്ടുകാർ സംഭാ

വന ചെയ്തിട്ടുള്ളതാണ്. അടുത്തസമയത്ത് പൊളിച്ച പള്ളിയുടെ പ്രധാന വാതുക്കൽ ഉണ്ടായിരുന്ന വിചിത്രപണികളോടുകൂടിയ വലിയ കതക് ഇരവിപേരൂർ കൈപ്പകശ്ശേരി വീട്ടുകാർ 350 തച്ച് പണിയിച്ച് ദാനം ചെയ്തിട്ടുള്ളതായിരുന്നു.

പള്ളിയുടെ പുരോഭാഗത്ത് സ്ഥിതിചെയ്യുന്ന വലിയ കൽക്കുരിശ് മുമ്പിനാലെ ഇവിടെ സ്ഥാപിതമായിട്ടുള്ളതും കോട്ടയം വലിയപള്ളിയിലുള്ള കൽക്കുരിശും ഈ ക്കുരിശും തമ്മിൽ വളരെ സാദൃശ്യം ഉള്ളതുമാകുന്നു.

ആയിരത്തിനുമേൽ വീട്ടുകാർ ഉണ്ടായിരുന്ന ഈ ഇടവകയിൽ നിന്നും 1742 മുതൽ റാന്നി, തുരുത്തിക്കാട്,മാന്നാർ, ഇരവിപേരൂർ, കറോട്, കുററൂർ, തെങ്ങേലി, തിരുവൻവണ്ടൂർ, പടിഞ്ഞാറ്റോതറ, മഴുക്കീർ ആദിയായി അനേകം ഇടവകകൾ ഓരോ കാലത്തായി പിരിഞ്ഞുപോയി എങ്കിലും ഈ ഇടവകയിൽ ഇപ്പോൾ 200 ഓളം വീട്ടുകാരും, സ്തീ പുരുഷൻന്മാരായി ആയിരത്തിനുമേൽ അംഗങ്ങളും ഉള്ളതാകുന്നു.


ജനങ്ങൾ പൊതുവെ പരിശ്രമശീലരും കൃഷി, കച്ചവടം മുതലായ തൊഴിലിൽ ഏർപ്പെട്ട് സാമാന്യം നല്ല നിലയിൽ ജീവിതം നയിച്ചുവരുന്നവരും ആണ്. വ്യവസായപരമായ പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് സാമ്പത്തികമായി വളരെ ഉൽക്കർഷത്തെ പ്രാപിച്ചിട്ടുള്ള ആളുകളും വിരളമല്ല. വിദ്യാഭ്യാസപരമായും, സാംസ്കാരികമായും ഈ ഇടവകയ്ക്ക് ആന്യാദൃശമായ ഒരു സ്ഥാനമുണ്ട്.


ഈ ഇടവകയെ ഇപ്പോൾ 10 ബ്ലോക്കുകളായി തിരിച്ച് സ്ത്രീ സമാജങ്ങളും മററും സംഘടിപ്പിച്ച് കാര്യമായ ആത്മീയ പ്രവത്തനങ്ങൾ ബ. വികാരി അബ്രഹാം കശ്ശീശായുടെ മേൽനോട്ടത്തിൽ നടത്തിവരുന്നു. ഉത്സാഹികളും, സാമർത്ഥരുമായ അദ്ധ്യാപകരുടെ നേതൃത്വത്തിൽ സണ്ടേസ്കൂൾ പ്രവർത്തസനവും ക്രമമായി നടക്കുന്നുണ്ട്. ഇപ്രകാരം നാനാമുഖമായി അഭിവൃദ്ധിപ്രാപിച്ചിട്ടുള്ള ഈ ഇടവകമേലും താദൃശങ്ങളായ പ്രവർത്തനങ്ങളിൽ വ്യാപരിച്ച് ഉത്തരോത്തരം അഭിവൃദ്ധിപ്രാപിക്കുവാൻ സർവ്വശക്തനായ ദൈവത്തോട് പ്രാർത്ഥിച്ചുകൊള്ളുന്നു.


ഏബ്രഹാം കശ്ശീശ
പുളിമൂട്ടിൽ


ഫാ. പി. സി. തോമസ്
പടിഞ്ഞാറെപ്പുരയ്ക്കൽ


ഫാ. കെ. എ. ജയിക്കബ്
(കോർ എപ്പിസ്ക്കോപ്പ)
കുര്യയ്ക്കൽ


വിശുദ്ധ തോമ്മാശ്ലീഹാ


ഇട്ടിതൊമ്മൻ കത്തനാർ
ആഞ്ഞിലിമ്മൂട്ടിൽ

## കല്ലിശ്ശേരിപ്പള്ളിയുടെ പാട്ട്

### (ആറാം പാദം)

ശില്പമോടെ ഭൂമിതന്നിൽ കർത്താവിന്റെ വീടായി
ശിഷ്യരും വിശ്വാസകാരുമൊക്കെയൊത്തന്ത്യോഖ്യായിൽ
മാർഗ്ഗവാസികൾക്കു ക്രിസ്ത്യാനിയെന്ന നാമവും
ശ്ലീഹന്മാരിൽ പ്രഭുവാകും മാർ ശെമഓൻ കോപ്പായും
അന്ത്യോഖ്യാ വിട്ടറിയിച്ചു റോമ്മാതന്നിൽ മാർഗ്ഗവും
വേദസാക്ഷിയായവിടെ സ്ലീബാ നാട്ടീ പാറമേൽ
പാരിലുള്ളവർക്കു മാതാവാക്കിവെച്ച പള്ളിയും
നൻമകൾക്കു ജൻമവീടായിത്തുടങ്ങി കർമ്മവും
നൽക്കുരിശവിടെനിന്നു ചെന്നു പല പള്ളിയിൽ
ചീനം, മക്കം, മൈലാപ്പൂരും, റുമ്മീസുമിളക്കായും
ചേരൻ വീരൻ മലനാട് മാർത്തോമ്മാൻ വഴിക്കെല്ലാം
ദേശത്തിലോ മുമ്പുഗ്രാമം തെക്കു കല്ലുച്ചേരി
ദേശത്തീശോ തന്റെവീടായ് കന്നിനാമം പള്ളിയും
വെച്ചതിന്റെ മൂലം ചൊല്ലി ദൈവനാമം പാടുവാൻ
വാഴുടയനായനെ തുണച്ചരുൾക വേണം

### (ഏഴാം പാദം)

മാറാ നീശോമിശിഹാ തന്റെ മനഗുണ നെറിവെന്നൊരുവേദം
മാമ്മോദീസായും കുർബ്ബാന മനസ്സാലേഴുതിരുക്കൂദാശ
മാർഗ്ഗവിധിക്കൊരു പള്ളി നമുക്കിവിടെചിതമെന്നറിവാളൻ
മാനുഷസുന്ദരനാം ബലമേറിയ തുളുർനാട്ടച്ചൻ കത്തനാർ
അഴകൊടു കല്ലുശ്ശേരി മലയ്ക്കിണ പലമലചേരുംപള്ളിക്ക്
ആദിപുരൻ വിധി നോഹു ചമച്ച കപ്പൽ കർസോൻ മലയിന്മേൽ
അറിവാൽ മൂശയോടരുളിയ വാമൊഴി സീനായിൻ മലമേൽനിന്ന്
ആകെയുടയവനേകൻ മുഴുത്തു പിറന്നതു ബേത്ലഹേം മലമേൽ
മോക്ഷമതിൻ നിഴൽ സാക്ഷി തികച്ചതു താബോറിൻ മലമേൽനിന്നു
മാനുഷരക്ഷകുറിച്ചു മരിച്ചതു ഗാഗുൽത്താ മലമേൽനിന്ന്
മോക്ഷപുരത്തുകരേറിയതും തവ സൈത്തിനുടയവ മലമേൽനിന്ന്
മാർഗ്ഗമതിന്നു സാക്ഷികൊടുത്തതു മാളിക സെഹിയൊന്മേൽനിന്ന്
മോക്ഷമതും തവ തന്നിലുരത്തതും പലതും പല മലമേൽ നിന്ന്
അറിവോർ ചൊല്ലുകിൽ പല പൊരുളുണ്ടേൻ ആലാഹാതന്നരുളാലെ
അഴകൊടു പട്ടക്കാരുമന്മേനികളുമൊരുമ്പെട്ടഴകോടെ

### (എട്ടാം പാദം)

അരചൻ വിരുതെഴുമഴകിയ നിറമണി
മൂത്തേടത്തു സ്വരൂപത്തിൽ മൂപ്പുവാഴും
ആചാര്യ പ്രഭുദേവൻ പരമീശൻ നാമം
ചേരും വീരൻ തിരുമുൻമ്പിൽ കനകം വെച്ചു.
വെച്ച കാഴ്ച്ചയെടുത്തുടനെ ഭൂമീദാനം
പള്ളിക്കും നാലർക്കും നൽകി തൃക്കൈ ലക്ഷ്യത്താൽ
വാങ്ങിക്കൊണ്ടവർ തെളിവോടെ വന്നു തച്ചർ
സ്ഥാനംകണ്ടു തറയുമടിച്ചു പള്ളിക്ക്
മാറവുറാഫം അപ്പസ്ക്കോപ്പായരുളാലെ
മാറാനീശോമിശിഹായുടെ രാജധാനിക്ക്
വെച്ചു കുരിശും കൂദാശചെയ്ത പട്ടക്കാരൻ
കുരിശാലയവുംകെട്ടി കുറുബാനയും
വൈകിടാതെ പുറം ചുററും കുഴിപ്പിച്ചു.
പണിക്കാരൻ മേസ്തിരിയെ വരുത്തിക്കൊണ്ട്
വൈരം മുത്തൊടു നാഗമണി ഗോമേതക നീലം
മരതക വൈഡൂര്യം പവിഴത്തോടു പുഷ്പരാകം
ഘോഷത്തോടെ പൊന്നും വെള്ളിയീപ്പതിനൊന്നും
കൂടിയിട്ടടിസ്ഥാനം പടുത്തു കല്ലാലെ
കല്ലാൽ പണിചെയ്തു കഴിയും തുലാവും കെട്ടി
കനംചേരിൽ മദ്ബഹായും പണി മുതൃന്നു.
തീർത്തു ചേർച്ചയോടൈക്കലായും ചുറെറാപ്പിച്ചു
വാനതിലെ കണക്കിലങ്ങുത്തരം വച്ചു
തീർത്തു ശീലാന്തിനിരത്തിൽ കഴുക്കോലും
പട്ടികയും തറച്ചോടു മേഞ്ഞൊരുങ്ങിതേ

### (ഒൻപതാം പാദം)

നന്മയാലെ വച്ചു ത്രോണാസുമ്മാതന്റെ പള്ളിയിൽ
നേർകിഴക്കു ചേർത്തു നടകെട്ടി വളവിന്നകം
തീർത്തഴിക്കു കാൽ നിറുത്തി ചിത്തരത്തിലിറത്താവു്
തങ്കമിട്ട തൽ പ്രഭയ്ക്കു ശങ്കവേണ്ട കൽപ്രഭ
തീർത്തു വളവിൻ പുറത്തും രണ്ടുപാടും ത്രോണോസ്
പാട്ടക്കാരർ നില്ക്കും മാനിഭസ്ഥലമഴിക്കകം
വേണമേപണികൾ പള്ളിക്കെന്നെഴുത്തുപെട്ടപോൽ
വള്ളിക്കെട്ടും വൃക്ഷം പക്ഷി ചെന്നാ പുലി സിംഹങ്ങൾ
കൊത്തുരൂപവുമെഴുത്തും ചിത്തിരപ്പണികളും
കണ്ടുകണ്ടുചൊല്ലുകിലൊരിക്കലും മതിവരാ
കന്നിയെ ശരണമെന്നു കൈതൊഴും ജനങ്ങൾക്ക്
കാത്തുരക്ഷചെയ്തുമോക്ഷം ചേർക്കുമീശോമിശിഹാ
ഒട്ടറിഞ്ഞതു പറഞ്ഞേനെൻ പിഴപൊറുക്കണം
ഒക്കെയറിവില്ലെനിക്ക് വാഴുടയനായനെ
കാരണംമഴുക്കീർതന്നിൽ വെച്ചപള്ളി മുപ്പതാം
കാലവുമവിടെനിന്നു മുങ്ങിപ്പൊങ്ങി മലയില്
കർത്താവുതന്നരുളാലെ പള്ളിനിറവേറി
കല്ലുശ്ശേരിപ്പള്ളിക്കുണ്ടോരൊപ്പമൊരുപള്ളി
പൊന്നും കാതൽകൊണ്ടു പൊരുളേററമായ് ചമച്ചു
പോരുവോളം തരവേണംപോററിയടിയാർക്ക്
നിത്തിരയിലറിയിപ്പാനന്നുള്ള നന്മകൾ
നിത്യവുംനിൻനിനവാലെ വാഴ്വാനരുളാലെ


ആരിവിടെ തരുതായ്കളന്നുമിന്നും വാഴ്വാൻ
ആലാഹാതന്നരുളാലെ അന്നുമിന്നുമെന്നുമേ

## കല്ലുശ്ശേരിപ്പള്ളിയുടെ ചിന്ത്

ആലാഹാതന്നരുളാലെ ആദത്തെനിർമ്മിച്ചശേഷം
അസ്ഥിമേൽനാരീരൂപം ചമച്ചാത്മാവും കൊടുത്തിരുത്തി പറുദീസായിൽ
ആലാഹാതാനരുൾചെയ്തയർത്തവർ പിഴയ്ക്കയാൽ
ആലസ്യംപൂണ്ടുനല്ലചേലൊത്ത ഭവനത്തിൽ വേർപെട്ടു പൂകിന്തവാറെ
ഇഭൂവനിക്കൊത്തകാലം പള്ളിവാണതികഞ്ഞശേഷം
ഇമ്പമേറുന്ന കന്നിപുണ്യകണ്ണാടിതന്നിൽ വന്നിങ്ങുജനിച്ചീശോ താൻ
ഈടെഴും വിധികേസർതന്റെ നാടുവാഴ്ചയിലുള്ളലോകർ
കൂടുകെന്നരുൾകേട്ടു കൂടവേപുറപ്പെട്ടു യൌസേപ്പും കന്നിമാതാവും
ഉത്തമർ നിവിമാരുചാർത്തിയ പുസ്തകപ്പൊരുളൊത്തുചെന്ന്
എത്തിയൂടെനനാട്ടിൽ ബേതല മലയിതിൽ ഗോസ്ഥലം പുകിന്തവാറെ
ഊനമെന്യേപുണ്യസൂര്യൻ താനുദിച്ചുപിറന്നനേരം
വാനതിൽ മലുക്കുകൾ മാനസംതെളിഞ്ഞവർ മേനിയിൽ പുകഴ്തവാറെ
എന്നപോൽ മനുജാതി മന്നിൽതന്നെയിങ്ങുസ്തുതിപ്പതിനായ്
കന്നിനാമത്തിൽ പള്ളി ഇമ്മല കല്ലുശ്ശേരിൽ വെൺമയാൽചമയ്ക്കയെന്ന്
ഏറെയും മലപാറമേൽ വിധിയൊണ്ടടിസ്ഥാനപ്പണിക്ക്
ഏറ്റവും വിധിയുള്ളിൽ കൊററവൻമറവുറാഹം ഉററനുവാദവും നൾകി
ഐർ വന്നുതകേണമെന്നിതു ചെയ്കയെന്നടിയാർക്കു നേരെ
ഐർനാമത്തെച്ചൊല്ലി കൈകൾ കൂപ്പിനാരന്നു ദൈവമേ തുണയ്ക്കയെന്ന്
ഒച്ചയിൽതുളുർനാട്ടുനാമം വച്ചൊരച്ചൻ കത്തനാര്
ഇഛയിൽ പള്ളിയമ്പിലുതുപ്പും മങ്ങലത്തിലുതുപ്പാൻ മററുംപലരും
ഒക്കെയൊത്തവരർക്കജാതപതിക്കുതുല്യനരേന്ദ്രരാജൻ
ഭാസ്കരപ്രഭയ്ക്കൊത്ത മൂത്തേടത്തിളയേടത്തുപുക്കവർ കനകംവെച്ചു
ഔവനം പൊന്നെടുപ്പിച്ചു പുഷ്പനീരാൽ ഭൂമിനൾകി
കേവലം വാങ്ങിക്കൊണ്ടുവിരവിൽവന്നു സ്ഥാനംകണ്ടുടൻ തറയടിച്ചു
അക്കനം പണിയൊക്കവേതിർത്തത്ര ചിത്രവിചിത്രമോടെ
മോക്ഷജ്വാലയ്ക്കുസമം ചേരുമിക്കല്ലുശ്ശേരിൽ വസിക്കും കന്നി ശരണം



കടവിൽ മാളിക



കൽക്കുരിശും പള്ളി മേടയും